# സാമൂഹ്യ ആഘാത പഠനം
# അന്തിമ റിപ്പോർട്ട്

## ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡ്

### ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകൾ
### കൊയിലാണ്ടി താലൂക്ക് – കോഴിക്കോട് ജില്ല




**Don Bosco Arts & Science College**
**Angadikadavu, Iritty, Kannur – 670 706**
**Phone: (0490) 2426014; Mob: 9961200787**
**Email: dbascoffice@gmail.com**

**SIA Unit: 9495903108**


**ഡിസംബർ 2019 – ജനുവരി 2020**

# സമർപ്പണം

കോഴിക്കോട് ജില്ല ഭരണകൂടം അതിൻെറ 2019 നവംബർ 29 ലെ നടപടി (DCKKD/6055/2018 - B2 dated 29/11/2019) പ്രകാരം ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഈ ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കുള്ള നിർമ്മാണാനുമതി പബ്ലിക് വർക്സ് വകുപ്പ് G.O. (Rt) No. 562/2018/PWD, തിരുവനന്തപുരം തിയതി 29/03/2018; G.O. (Rt) No. 756/10/PWD തിയതി 06/05/2010, ചീഫ് എഞ്ചിനീയറുടെ കത്ത്, R&B, PWD, TVPM No. CE/R&B/KKD/13486/08 തിയതി 23.02.2018 എന്നിവ ആസ്പദമാക്കിയുള്ളതാണ്.

ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ, കൊയിലാണ്ടി, നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചാണ് സാമൂഹ്യ ആഘാത സംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിൻെറ ആധാര രേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

27 ജനുവരി 2020

ഡയറക്ടർ
സാമൂഹ്യ ആഘാത പഠന സംഘം
ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

# ഉള്ളടക്കം

**അദ്ധ്യായം 1: പദ്ധതി സംഗ്രഹം**

| | | |
|---|---|---|
| 1.1 | പദ്ധതിയും പൊതുതാത്പര്യവും | 01 |
| 1.2 | പദ്ധതി പ്രദേശം | 01 |
| 1.3 | പദ്ധതി പ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും | 01 |
| 1.4 | ബദൽ പ്രദേശങ്ങൾ | 01 |
| 1.5 | സാമൂഹ്യ ആഘാതം | 02 |
| 1.6 | ആഘാത ദുരീകരണ മാർഗ്ഗങ്ങൾ | 04 |
| 1.7 | സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി | 05 |
| 1.8 | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ | 05 |
| 1.9 | പദ്ധതി ബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ | 06 |

**അദ്ധ്യായം 2: പദ്ധതി വിവര വിശദീകരണം**

| | | |
|---|---|---|
| 2.1. | പദ്ധതി പശ്ചാത്തലം | 07 |
| 2.2. | പദ്ധതിയുടെ വലിപ്പവും പ്രദേശവും | 07 |
| 2.3. | ബദൽ പ്രദേശങ്ങളുടെ പരിശോധന | 07 |
| 2.4 | പദ്ധതിയുടെ പുരോഗതി | 07 |
| 2.5 | പരിസ്ഥിതി ആഘാതത്തിൻെറ വിശദാംശങ്ങൾ | 07 |
| 2.6 | ജോലിക്കാരുടെ ആവശ്യങ്ങൾ | 08 |
| 2.7 | അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ | 08 |
| 2.8 | പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും | 08 |

**അദ്ധ്യായം 3: സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും**

| | | |
|---|---|---|
| 3.1 | ആമുഖം | 10 |
| 3.2 | സാമൂഹ്യആഘാത പഠന (SIA) സംഘം | 10 |
| 3.3 | സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ തയ്യാറാക്കൽ | 11 |
| 3.4 | പ്രവർത്തനരീതിയും വിവരശേഖരണവും | 11 |
| 3.5 | സ്ഥല സന്ദർശനവും വിവര ശേഖരണവും | 12 |
| 3.6 | സാമൂഹ്യ ആഘാത പഠന യൂണിറ്റിൻെറ ദിനചര്യകൾ | 12 |
| 3.7 | പൊതുചർച്ചയുടെ സംക്ഷിപ്തരൂപം | 13 |

**അദ്ധ്യായം 4: ഭൂമി വിലയിരുത്തൽ**

| | | |
|---|---|---|
| 4.1 | പശ്ചാത്തലം | 16 |
| 4.2 | പദ്ധതി ബാധിത പ്രദേശത്തിൻെറ വിശദാംശങ്ങൾ | 16 |
| 4.3 | പദ്ധതിയുടെ ഭൂപടം | 17 |
| 4.4 | പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ | 17 |
| 4.5 | പൊതു ഭൂമിയുടെ ഉപയോഗം | 18 |
| 4.6 | വാങ്ങിയ ഭൂമികൾ | 18 |
| 4.7 | പ്രദേശത്തെ സമീപകാല ഭൂവ്യവഹാരങ്ങൾ | 18 |

**അദ്ധ്യായം 5: മൂല്യനിർണ്ണയവും വിവരണവും**


| | | |
|---|---|---|
| 5.1 | ബാധിതമാകുന്ന ഭൂമികളുടെ സംഖ്യകൾ | 19 |
| 5.2 | ബാധിതമാകുന്നതിൻെറ തോത് | 19 |
| 5.3 | ഭൂമികളുടെ ഉടമസ്ഥതയുടെ തരം | 19 |
| 5.4 | ഭൂമികളുടെ രേഖകൾ | 20 |
| 5.5 | ഭൂമികളുടെ നിലവിലെ ഉപയോഗം | 20 |
| 5.6 | ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ | 20 |
| 5.7 | ബാധിതമാകുന്ന പദ്ധതി പ്രദേശത്തിൻെറ അളവുകൾ | 20 |
| 5.8 | ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം | 21 |
| 5.9 | ബാധിതരാകുന്ന ദുർബല വിഭാഗം | 21 |
| 5.10 | നിത്യരോഗികളായ പദ്ധതി ബാധിതർ | 21 |
| 5.11 | ബാധിതരാകുന്ന ഉപജീവന മാർഗ്ഗങ്ങൾ | 21 |


**അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക ഘടന**


| | | |
|---|---|---|
| 6.1 | ആമുഖം | 22 |
| 6.2 | കുടുംബങ്ങളുടെ വിശദാംശങ്ങൾ | 22 |
| 6.3 | സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം | 23 |
| 6.4 | പ്രതിമാസ വരുമാനം | 23 |
| 6.5 | സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം | 23 |
| 6.6 | മുഖ്യമായ വരുമാന മാർഗ്ഗം | 24 |
| 6.7 | റേഷൻ കാർഡിൻെറ ഇനം | 24 |


**അദ്ധ്യായം 7: ആഘാത ദുരീകരണപദ്ധതി**


| | | |
|---|---|---|
| 7.1 | ആഘാത ദുരീകരണ സമീപനം | 25 |
| 7.2 | ആഘാതം ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും | 25 |
| 7.3 | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ | 25 |
| 7.4 | നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ | 25 |
| 7.5 | സാമൂഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ | 25 |
| 7.6 | ആഘാത ദുരീകരണവും പ്ലാനും | 25 |
| | സാമ്പത്തിക നടപടികൾ | 25 |
| | പാരിസ്ഥിതിക നടപടികൾ | |
| | പുനരധിവാസവും പുന:സ്ഥാപനവും | |
| | മറ്റ് നടപടികൾ | |
| 7.7 | ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ | 27 |


**അദ്ധ്യായം 8: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി - അടിസ്ഥാന ഘടന**


| | | |
|---|---|---|
| 8.1 | സ്ഥാപന ഘടനയും പ്രധാനവ്യക്തികളും | 28 |



**അദ്ധ്യായം 9: സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്** 30

**അദ്ധ്യായം 10: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും** 31

10.1 സംസ്ഥാന തലത്തിലുള്ളസംവിധാനം 31
10.2 ജില്ലാ തലത്തിലുള്ള സംവിധാനം 31

**അദ്ധ്യായം 11: ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ** 33

11.1 ആമുഖം 33
11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം 33
11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ 33
11.4 പരിസമാപ്തിയും ശുപാർശയും 33

അനുബന്ധം 1: സർക്കാർ ഉത്തരവുകൾ 35
അനുബന്ധം 2: വിവര ശേഖരണത്തിനുള്ള ചോദ്യാവലി 38
അനുബന്ധം 3: പൊതുചർച്ച – പങ്കെടുത്തവരുടെ പേരു വിവരങ്ങൾ 41

# പട്ടികകൾ


| | | |
|---|---|---|
| 1.1 | പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ | 2 |
| 1.2 | സാമൂഹ്യ ആഘാതത്തിൻെറയും ദുരീകരണ മാർഗ്ഗങ്ങളുടെയും വിശദാംശങ്ങൾ | 4 |
| 1.3 | പദ്ധതിയുടെ പ്രയോജനങ്ങൾ | 5 |
| 3.1 | സാമൂഹ്യ ആഘാത പഠന സംഘം | 10 |
| 3.2 | ദിനചര്യകൾ (പുരോഗതി) | 12 |
| 4.1 | പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ | 16 |
| 4.2 | പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ | 17 |
| 4.3 | സമീപകാല കൈമാറ്റങ്ങൾ | 18 |
| 5.1 | ഗ്രാമങ്ങളനുസരിച്ച് ബാധിതമാകുന്ന ഭൂമികൾ | 19 |
| 5.2 | ബാധിതമാകുന്നതിൻെറ തോത് | 19 |
| 5.3 | ഉടമസ്ഥതയുടെ തരം | 19 |
| 5.4 | ഭൂമികളുടെ നിലവിലെ ഉപയോഗം | 20 |
| 5.5 | ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ | 20 |
| 5.6 | ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം | 21 |
| 5.7 | ബാധിതരാകുന്ന സാമൂഹ്യ വിഭാഗങ്ങൾ | 21 |
| 5.8 | നിത്യ രോഗികൾ | 21 |
| 6.1 | കുടുംബങ്ങളുടെ വിശദാംശങ്ങൾ | 22 |
| 6.2 | സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം | 23 |
| 6.3 | കുടുംബത്തിൻെറ പ്രതിമാസ വരുമാനം | 23 |
| 6.4 | സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം | 23 |
| 6.5 | മുഖ്യമായ വരുമാന മാർഗ്ഗം | 24 |
| 6.6 | റേഷൻ കാർഡിൻെറ ഇനം | 24 |
| 7.1 | ആഘാത ദുരീകരണവും പ്ലാനും | 23 |


# അദ്ധ്യായം 1
# പദ്ധതി സംഗ്രഹം

### 1.1 പദ്ധതിയും പൊതു താത്പര്യവും

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ഉള്ളിയേരി വില്ലേജിലെ മൂന്ന് സർവ്വേ നമ്പറിൽനിന്നും ചെങ്ങോട്ട്കാവ് വില്ലേജിലെ രണ്ട് സർവ്വേ നമ്പറുകളിൽനിന്നുമായി 30.69 ആർസ് (1.4443 ഹെക്ടർ) ഭൂമിയാണ് ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിന് ആവശ്യം. പാലവും അനുബന്ധ റോഡും പൂർത്തിയാകുമ്പോൾ നിലവിലുള്ള യാത്രാ തടസ്സങ്ങൾ മാറും.

### 1.2 പദ്ധതി പ്രദേശം

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിൻെറ ഒരു അറ്റം ചെങ്ങോട്ട്കാവ് വില്ലേജ് ചെലിയയിലും മറ്റേ അറ്റം ഉള്ളിയേരി വില്ലേജിലെ കുന്നത്തറ (ഉള്ളൂർ) യിലുമാണ്.




### 1.3 പദ്ധതി പ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്കിലെ 1.4443 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഇത് ചെങ്ങോട്ട്കാവ് വില്ലേജിലെ സർവ്വേ നമ്പർ 41, 40 എന്നിവയിലെ 19 ഭൂവുടമസ്ഥരുടെ 21 ഭൂമിയും ഉള്ളിയേരി വില്ലേജിലെ 16, 15, 11 സർവ്വേ നമ്പറുകളിലെ 11 ഭൂവുടമസ്ഥരുടെതുമാണ്. തെങ്ങ്, ഫല വൃക്ഷങ്ങൾ, മതിലുകൾ, കവാടങ്ങൾ, 2 വീടുകൾ, 2 കടകൾ തുടങ്ങിയവയാണ് ഈ പദ്ധതി പ്രദേശത്തുള്ളത്.

നിലവിലുള്ള റോഡിൻെറ ഇരുവശങ്ങളാണ് ചെങ്ങോട്ട്കാവ് ഭാഗത്തുള്ള പദ്ധതി പ്രദേശം. ഉള്ളിയേരി ഭാഗത്ത് കൃഷി ഭൂമിയും വീടുകളുടെ മുൻവശവുമാണ്. വീടുകൾ, കിണർ, മതിലുകൾ, കവാടങ്ങൾ, ഉപജീവന മാർഗ്ഗമായ കടകൾ, ചെറുകിട വ്യവസായ ഘടകങ്ങൾ, കാർഷിക വിഭവങ്ങൾ എന്നിവയാണ് ഈ പ്രദേശത്തുള്ളത്. കര ഭൂമി മാത്രമാണ് പദ്ധതി പ്രദേശം. നിലവിലുള്ള വഴി ഉപയോഗിക്കുന്നതിനാൽ അനുബന്ധ റോഡിന് ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും ചെയ്യേണ്ട നടപടികളും താരതമേന്യ കുറവാണ്.

### 1.4 ബദൽ പ്രദേശങ്ങൾ

പാലത്തിൻെറയും അനുബന്ധ റോഡിൻെറയും പ്ലാനിനെക്കുറിച്ചും രൂപരേഖയെക്കുറിച്ചും പഠന സംഘം അന്വേഷിച്ചു. ബദൽ സാധ്യതകളെക്കുറിച്ച് പദ്ധതി ബാധിതരോടും മറ്റ് വിവര

ദാതാക്കളോടും ആരാഞ്ഞു. അംഗീകരിക്കപ്പെട്ടിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതു സമ്മതമുണ്ട്. രണ്ട് വ്യക്തികൾ മാത്രമാണ് മറ്റൊരു പ്ലാനിനെക്കുറിച്ച് പരാമർശിച്ചത്. നിലവിലുള്ള പ്ലാനാണ് ഏറ്റവും അനുയോജ്യവും സ്വീകാര്യവും.

**1.5 സാമൂഹ്യ ആഘാതം**

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിന് മൊത്തം ആവശ്യമുള്ള 1.4443 ഹെക്ടർ ഭൂമി കര ഭൂമിയാണ്. ഇത് ചെങ്ങോട്ട്കാവ് വില്ലേജിലെ 21 ഭൂമികളും ഉള്ളിയേരി വില്ലേജിലെ 11 ഭൂമികളുമാണ്. ഭൂമികളുടെ നഷ്ടം കൂടാതെ ഉള്ളിയേരി ഭാഗത്ത് കയർ സഹകരണ സംഘത്തിന്റെ ശൗചാലത്തിന്റെയും ഒരു ക്യാൻസർ രോഗിയുടെ ഒരു താത്കാലിക ചായക്കടയുടെയും നഷ്ടവും ചെങ്ങോട്ട്കാവ് ഭാഗത്ത് മസ്ജിദ് കമ്മറ്റിയുടെയും ചെമ്മീൻ സംസ്കരണ യൂണിറ്റിന്റെയും 2 വീടുകളുടെയും നഷ്ടവുമാണ് ഗൗരവമേറിയ ആഘാതം. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 26 കുടുംബങ്ങളിലെ 55 പുരുഷന്മാരും 63 സ്ത്രീകളുമുൾപ്പെടെ 118 ആളുകളെ പ്രത്യക്ഷമായി ബാധിക്കുന്നു. പൂർണ്ണബാധിതരും പുനരധിവസിപ്പിക്കേണ്ടവരുമായവരുടെ അയൽവക്കവും നഷ്ടമായേക്കാം. അവർ ഒരു പുതിയ തുടക്കം കുറിക്കേണ്ടതായി വന്നേക്കാം.

**പട്ടിക 1.1 പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ**

| ക്ര. സം. | സർവ്വേ നമ്പർ | ഭൂവുടമസ്ഥർ | ഭൂമിയുടെ ഇനം | ഭൂമി അളവ് | നഷ്ടപ്പെടുന്ന സ്വത്ത് |
|---|---|---|---|---|---|
| 1 | 11/38<br>15/85 | Aalikoya & brother, Chettiyankandi House, Cheliya PO, Koyilandi | കര | 4<br>10 | തെങ്ങ് 6, മാവ് 1,<br>ഫല വൃക്ഷങ്ങൾ 4 |
| 2 | 15/4 | Aasiya Kunjassan, Cheruvath House, Kunnathara PO, Ulliyeri, Koyilandi. | കര | 11 | തെങ്ങ് 6 (തൈതെങ്ങ് 4), പ്ലാവ് 2, കൗങ്ങ് 4, കെട്ട് മതിൽ |
| 3 | 16 | Aayisha& Muhamed, Kuttiyil H, Kunnathara PO, Ulliyeri, Koyilandi | കര | 40 | തെങ്ങ് 5, കൗങ്ങ് 7, തേക്ക് 1, മതിൽ, കവാടം |
| 4 | | Abdulgafoor, Aashirvad, Cheliya Edakkulam PO, Koyilandi | കര | 56 | തെങ്ങ് 10, മതിൽ, കവാടം |
| 5 | 15/2 | Abdurahuman Panjola | കര | | മതിൽ, തെങ്ങ്, മാവ് |
| 6 | | Abdurahuman, Raheema Cottage, Cheliya Edakkulam PO, Koyilandi | കര | 14.5 | മാവ് 3, തെങ്ങ് 5 |
| 7 | 41/1 | Abubakkar, VK House, Cheliya Edakkulam PO Koyilandi | കര | 17 | തെങ്ങ് 5, കൗങ്ങ് 3, മാവ് 2 |
| 8 | 14/1 3 | Abubakkar, VK House, Cheliya Edakkulam PO, Koyilandi | | 12 | കടയുടെ മുൻവശം |
| 9 | | Ahammed, Munavaras, Cheliya Edakkulam PO, Koyilandi | കര | 15 | തെങ്ങ് 2, തൈതെങ്ങ് 2, കൗങ്ങ് 8, പ്ലാവ് 1 |

| | | | | | |
|---|---|---|---|---|---|
| 10 | | Asiss, Kunjayankutty, Kaithakkada, Cheliya Edakkulam PO, Koyilandi | കര | 5 | കെട്ടിടത്തിൻെറ മുൻഭാഗം, |
| 11 | | Baiju | കര | | തെങ്ങ് 3, വീട് |
| 12 | | Cheliya Juma Masjid, Cheliya Edakkulam PO, Koyilandi | കര | 3 | ആൽ മരം 1 |
| 13 | 14/56 B | Hareesh & Aneesh, Kadathveetil, Kunnathara PO, Ulliyeri, Koyilandi. | കര | 48 | തെങ്ങ് 25, കൗങ്ങ് 5, കശുമാവ് 1, കാഞ്ഞിരം 1, പന 1 |
| 14 | 16/28 | Kadhessa & others, Kadavathveetil, House Kunnathara PO, Ulliyeri, Koyilandi | കര | 37 | തെങ്ങ് 14, മാവ് 1 |
| 15 | | Krishnan M, Malayil House, Cheliya Edakkulam PO, Koyilandi | കര | 10 | തെങ്ങ് 2, കിണർ, കവാടം, മതിൽ, വെൽഡിങ്ങ് യൂണിറ്റിൻെറ ഷീറ്റിട്ട മുൻഭാഗം |
| 16 | 41 | Kunjarayankutty, Naseefmanzil, Edakkulam PO Koyilandi. | കര | 6 | തെങ്ങ് 5 |
| 17 | 16/4 | Kunnathara Coir Co-op Society, Kunnathara PO, Ulliyeri, Koyilandi | കര | 20 | ശൗചാലയം, പൈപ്പ് ലൈൻ |
| 18 | | Lakshmiamma, Emachamkandithazhe, Cheliya Edakkulam PO, Koyilandi | കര | 2 | വീട്, തെങ്ങ് 4 |
| 19 | 15/70 | Maimuna, Madathil House, Kunnathara PO Ulliyeri, Koyilandi | കര | 16 | തെങ്ങ് 2, കൗങ്ങ് 2, മുൻവശത്തെ മതിൽ |
| 20 | | Majeed Chettiyankandi, Al Ameeen, Cheliya Edakkulam PO, Koyilandi | കര | 20 | തെങ്ങ് 5, പ്ലാവ് 1, മതിൽ, കവാടം, മരങ്ങൾ |
| 21 | | Mammadkoya, Manjusha H, Cheliya Edakkulam PO, Koyilandi | കര | 50 | തെങ്ങ് 8, മതിൽ, കവാടം, കിണർ, മഹാഗണി, പ്ലാവ് |
| 22 | 16 | Moidheen C, Cheruvath H, Kunnathara PO, Ulliyeri, Koyilandi | കര | 16 | മതിൽ, കവാടം, തെങ്ങ് 2, കൗങ്ങ് 5, പ്ലാവ് 2, മാവ് 2 |
| 23 | | Moidheenkutty, Cheliya Edakkulam PO, Koyilandi | കര | 9 | തെങ്ങ് 6 |
| 24 | | Muhammadkoya, Muhabath House, Cheliya, Edakkulam PO, Koyilandi | കര | 48 | തെങ്ങ് 8, മാവ് 1 |

| | | | | | |
|---|---|---|---|---|---|
| 25 | 41/1 | Mujeeb,<br>S/o Mohammed Koya,<br>Muhabatha,<br>Cheliya Edakkulam PO,<br>Koyilandi | കര | 50 | തെങ്ങ് 8, പ്ലാവ് 1, മഹാഗണി 1, മുരിങ്ങ 1, മാവ് 2, കൗങ്ങ് 4, മതിൽ, കവാടം |
| 26 | 14/1 | Musthafa & K C Babu,<br>Prawns Processing Unit,<br>Cheliya Edakkulam PO,<br>Koyilandi | കര | 1 | ചെമ്മീൻ സംസ്കരണ യൂണിറ്റിലേയ്ക്കുള്ള വഴി |
| 27 | | Naser,<br>Valiyakulangara House,<br>Cheliya Edakkulam PO,<br>Koyilandi | കര | 13 | മതിൽ, കവാടം, തെങ്ങ് |
| 28 | 16/57 | Rajesh PK,<br>Kaithavalapil (H),<br>Kunnathara PO, Ulliyeri | കര | 48 | തെങ്ങ് 50, കൗങ്ങ് 30, പ്ലാവ് 2, മാവ് 4, മറ്റുള്ളവ 5 |
| | | Sajeevan Kadavath | ചായക്കട | | ഉപജീവനം (ക്യാൻസർ രോഗി) |
| 29 | 41 | Ramakrishnan,<br>Cheliya Edakkulam PO,<br>Koyilandi | കര | 32 | തെങ്ങ് 5, മാവ് 1, മതിൽ, കവാടം |
| 30 | 41/3 | Sivadassan,<br>Malayil House<br>Cheliya P.O, Koyilandi | കര | 10 | 4 കടമുറികൾ, മുറി വാടക, തെങ്ങ് 6 |
| 31 | 15/4 | Suhaschandran, Kailasam,<br>Cheruvath House,<br>Kunnathara PO,<br>Ulliyeri, Koyilandi | കര | 32.5 | തെങ്ങ് 12, മഹാഗണി 1, പ്ലാവ് 1, കൗങ്ങ് 5, വലിയ മാവ് |
| 32 | 41/1 | Vasantha Naduvilayil,<br>Cheliya Edakkulam PO<br>Koyilandi | കര | 38<br>19.25 | തെങ്ങ് 8 |

### 1.6 ആഘാത ദുരീകരണ മാർഗ്ഗങ്ങൾ

പഠനത്തിൻെറ കണ്ടുപിടുത്തങ്ങൾ അനുസരിച്ച് 2013 ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സാമൂഹ്യവശങ്ങൾ അഭിമുഖീകരിക്കാനാകും. ഏറ്റെടുക്കൽ പ്രക്രിയയും നഷ്ടപരിഹാര വിതരണവും ദ്രുതഗതിയിലാക്കണം.

**പട്ടിക 1.2 സാമൂഹ്യ ആഘാതത്തിൻെറയും ദുരീകരണ മാർഗ്ഗങ്ങളുടെയും വിശദാംശങ്ങൾ**

| ക്ര. സം. | ആഘാതത്തിൻെറ ഇനം | പ്രത്യക്ഷം / പരോക്ഷം | ദുരീകരണ മാർഗ്ഗം |
|---|---|---|---|
| 1 | ഭൂമികളുടെ നഷ്ടം | 15 ഭൂമികളുടെ നഷ്ടം – പ്രത്യക്ഷം | നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 2 | നിർമ്മിത ഘടകങ്ങളുടെ നഷ്ടം | 2 വീടുകൾ, 2 കടകൾ, 13 മതിലുകളും കവാടങ്ങളും, സഹകരണ സംഘത്തിൻെറ ശൗചാലയം, ചായക്കട – പ്രത്യക്ഷം | നിയമമനുസരിച്ച് പുനരധിവാസം |
| 3 | ഉത്പാദന സ്വത്തുക്കളുടെ നഷ്ടം | തെങ്ങ്, മാവ് തുടങ്ങിയ കൃഷി വിഭവങ്ങളുടെ നഷ്ടം – പ്രത്യക്ഷം | നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 4 | ഉപജീവന മാർഗ്ഗങ്ങളുടെ നഷ്ടം | ഒരു ക്യാൻസർ രോഗിയുടെ താത്കാലിക ചായക്കടയുടെ നഷ്ടം, മീൻ വിൽപന കട, ഫർണീച്ചർ കട, കടകളുടെ വാടക – പ്രത്യക്ഷം | സമീപപ്രദേശത്ത് വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യം;<br>നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 5 | പൊതു സൗകര്യങ്ങളുടെ നഷ്ടം | ഒന്നുമില്ല | ഒന്നുമില്ല |
| 6 | പൊതു സേവനങ്ങളുടെ ലഭ്യതയുടെ നഷ്ടം | ഒന്നുമില്ല | ഒന്നുമില്ല |

| | | | |
|---|---|---|---|
| 7 | മതസ്ഥാപനങ്ങളുടെ നഷ്ടം | ചെലിയ ജുമമസ്ജിദിൻെറ 3 സെൻറ് ഭൂമി നഷ്ടം | നിയമമനുസരിച്ച് നഷ്ടപരിഹാരം |
| 8 | ജല സ്രോതസ്സുകളുടെ നഷ്ടം | രണ്ട് കിണറുകൾ – പ്രത്യക്ഷം | നിയമമനുസരിച്ച് നഷ്ടപരിഹാരം |

ചോദ്യാവലിയ്ക്ക് ലഭിച്ച ഉത്തരങ്ങളിൽനിന്നും പഠനസംഘത്തിൻെറ നിരീക്ഷണങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ചാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇവയ്ക്ക് തെളിവായുള്ള രേഖകൾ ബന്ധപ്പെട്ടവർ പരിശോധിക്കേണ്ടതാണ്.

**1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി (ദുരീകരണ മാർഗ്ഗങ്ങൾ)**

സ്ഥലം ഏറ്റെടുക്കലിൻെറ ഭാഗമായ പഠനത്തിൻെറയും അന്വേഷണത്തിൻെറയും ചർച്ചകളുടെയും വെളിച്ചത്തിൽ സാമൂഹ്യ ആഘാത ലഘൂകരണത്തിന് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗരേഖ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിൻെറ മുഖ്യ അംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**സാമ്പത്തിക വശങ്ങൾ**

ഭൂമിയുടെയും സ്വത്തുക്കളുടെയും ഉപജീവനത്തിൻെറയും നഷ്ടങ്ങൾ 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം നൽകണം. നിർമ്മാണത്തിൽ പദ്ധതി ബാധിതരുടെ കഴിവനുസരിച്ച് അവരെ ഉൾപ്പെടുത്തണം. ആഘാതത്തിന് താൽകാലികമായെങ്കിലും ഇത് ശമനം വരുത്തും.

**പാരിസ്ഥിതിക വശങ്ങൾ**

പദ്ധതി പ്രദേശത്തെ വൃക്ഷലതാദികൾക്ക് നാശം പരമാവധി കുറയ്ക്കുവാൻ പരിസ്ഥിതി സൗഹൃദമായ നിർമ്മാണങ്ങൾ നടത്തുകയും വെള്ളം തടസ്സം കൂടാതെ ഒഴുകുവാനുള്ള ഓടകൾ നിർമ്മിക്കുകയും ചെയ്യണം.

| **പട്ടിക 1.3 പദ്ധതിയുടെ പ്രയോജനങ്ങൾ** | | | |
|---|---|---|---|
| പ്രയോജനങ്ങൾ | പ്രത്യക്ഷം / പരോക്ഷം | ശാശ്വതം / താത്കാലികം | സുപ്രധാനം / അപ്രധാനം |
| രണ്ട് ഗ്രാമങ്ങൾ യോജിപ്പിക്കുന്ന പാലവും അനുബന്ധ വഴികളും | പ്രത്യക്ഷം | ശാശ്വതം | സുപ്രധാനം |
| ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | പ്രത്യക്ഷം & & പരോക്ഷം | ശാശ്വതം | സുപ്രധാനം |
| തോണി അപകടം മുതലായ അത്യാഹിതങ്ങൾ ഇല്ലായ്മ ചെയ്യുക | പ്രത്യക്ഷം | ശാശ്വതം | സുപ്രധാനം |

നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കി ജനങ്ങളുടെ ദുരിതം അവസാനിപ്പിക്കണമെന്ന് പദ്ധതി ബാധിതർ ചർച്ചകളിൽ ആവശ്യപ്പെട്ടു.

നഷ്ടപരിഹാരം നൽകി ഭൂമി എത്രയും വേഗം ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. പ്രദേശത്തിൻെറയും ജില്ലയുടെയും വികസനത്തിന് പദ്ധതി പ്രധാനപ്പെട്ടതാണെന്ന് സംഘം വിലയിരുത്തി. പാരിസ്ഥിതികവും സാമൂഹ്യവുമായ വശങ്ങളും പദ്ധതിയുടെ പ്രയോജങ്ങളും ഉചിതമായി സമന്വയിപ്പിക്കണം. മുൻകരുതലുകൾക്ക് ആവശ്യമായ മുൻഗണന നൽകി പദ്ധതിയുടെ ചെലവും ദോഷഫലങ്ങളും കുറയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു.

**1.8 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ**

ഭൂമിയുടെയും മറ്റ് സ്വത്തുക്കളുടെയും വാണിജ്യത്തിൻെറയും ഉപജീവനത്തിൻെറയും നഷ്ടങ്ങൾ ഉൾപ്പെടുന്ന സാമൂഹ്യ വശങ്ങൾ അഭിമുഖീകരിക്കുവാൻ നിയമത്തിൻെറ വകുപ്പുകൾ

മതിയാകുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാകുന്നത്. നഷ്ടപരിഹാരം വേഗം നൽകണമെന്ന് നിർദ്ദേശിക്കുന്നു. 2 വീടുകൾ, 2 കടകൾ / ഉപജീവന മാർഗ്ഗങ്ങൾ, മതിലുകൾ, കവാടങ്ങൾ, മുതലായ 19 നിർമ്മിത ഘടകങ്ങൾ നഷ്ടമാകുന്നു.

**1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ**

പദ്ധതി ബാധിതർ നൽകിയ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1) ഏക ഭൂമിയും ഉപജീവന മാർഗ്ഗവും നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ നഷ്ടപരിഹാരം നൽകണം.
2) ബദൽ ഉപജീവനത്തിന് സഹായം
3) കമ്പോള നിലവാരമനുസരിച്ച് മൂല്യനിർണ്ണയം
4) ബാക്കിയുള്ള സ്ഥലത്തുള്ള നിർമ്മാണത്തിന് റോഡിൽ നിന്നുള്ള ദൂരപരിധി നിർബന്ധിക്കരുത്.
5) നിർദ്ദേശിച്ചിരിക്കുന്ന റൂട്ട് അഭികാമ്യമല്ലെന്ന് പദ്ധതി ബാധിതരായ 2 പേർ അഭിപ്രായപ്പെടുന്നു.

# അദ്ധ്യായം 2
# പദ്ധതി വിവര വിശദീകരണം

### 2.1 പദ്ധതി പശ്ചാത്തലം

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ഉള്ളിയേരി വില്ലേജിലെ 11 ഭൂമികളും ചെങ്ങോട്ട്കാവ് വില്ലേജിലെ 21 ഭൂമികളും ഉൾപ്പെടുന്ന 1.4443 ഹെക്ടർ ഭൂമിയാണ് ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിനുവേണ്ടി ഏറ്റെടുക്കുവാനുള്ളത്. പദ്ധതി പൂർത്തീകരിച്ച് കഴിയുമ്പോൾ നിലവിലുള്ള ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ ഭൂരിഭാഗവും സ്വകാര്യ ഭൂമിയാണ്. ഭൂമി ഏറ്റെടുക്കുവാൻ പാലിക്കേണ്ടതായ വ്യവസ്ഥകൾ 2013 ലെ നിയമം അനുശാസിക്കുന്നു.

### 2.2 പദ്ധതിയുടെ വലിപ്പവും പ്രദേശവും

ഉള്ളൂർക്കടവ് പാലത്തിൻെറ അനുബന്ധ റോഡിൻെറ ഒരറ്റം ചെങ്ങോട്ട്കാവ് വില്ലേജിലെ ചെലിയയിലും മറ്റേ അറ്റം ഉള്ളിയേരി വില്ലേജിലെ ഉള്ളൂർക്കടവിലുമാണ്. കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്കിലെ 1.4443 ഹെക്ടർ ഭൂമിയാണ് ഏറ്റെടൂക്കുവാനുള്ളത്. ഇത് ചെങ്ങോട്ട്കാവ് വില്ലേജിലെ സർവ്വേ നമ്പർ 41, 40 എന്നിവയിലെ 19 ഭൂവുടമസ്ഥരുടെ 21 ഭൂമിയും ഉള്ളിയേരി വില്ലേജിലെ 16, 15, 11 സർവ്വേ നമ്പറുകളിലെ 11 ഭൂവുടമസ്ഥരുടെതുമാണ്. തെങ്ങ്, ഫല വൃക്ഷങ്ങൾ, മതിലുകൾ, കവാടങ്ങൾ, 2 വീടുകൾ, 2 കടകൾ, 1 ചെറുകിട വാണിജ്യ സ്ഥാപനം തുടങ്ങിയവയാണ് ഈ പദ്ധതി പ്രദേശത്തുള്ളത്.

### 2.3 ബദൽ പ്രദേശങ്ങളുടെ പരിശോധന

പാലത്തിൻെറയും അനുബന്ധ റോഡിൻെറയും പ്ലാനിനെക്കുറിച്ചും രൂപരേഖയെക്കുറിച്ചും പഠന സംഘം അന്വേഷിച്ചു. ബദൽ സാധ്യതകളെക്കുറിച്ച് പദ്ധതി ബാധിതരോടും പ്രത്യേക തഹസിൽദാർ, എം.എൽ.എ., ഉള്ളിയേരി, ചെങ്ങോട്ട്കാവ് പഞ്ചായത്തുകളിലെ അദ്ധ്യക്ഷർ മുതലായ മറ്റ് വിവര ദാതാക്കളോടും ആരാഞ്ഞു. ചെങ്ങോട്ട്കാവ് വില്ലേജിൽ നിലവിലുള്ള റോഡ് ഉപയോഗിക്കുന്നതിനാലും ഉള്ളിയേരി വില്ലേജിൽ കൃഷി ഭൂമിയായതിനാലും തിരഞ്ഞെടുത്തിരിക്കുന്ന പ്രദേശമാണ് ഏറ്റവും അനുയോജ്യമെന്ന അഭിപ്രായമാണ് പൊതുവായി ഉള്ളത്.

### 2.4 പദ്ധതിയുടെ പുരോഗതി

പാലവും അനുബന്ധ റോഡുമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ഭൂമി ഏറ്റെടുക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിൻെറ കീഴിലാണ്. ഭൂമി ഏറ്റെടുത്തതിനുശേഷമാണ് നിർമ്മാണം നടക്കുക.

### 2.5 പാരിസ്ഥിതിക ആഘാതത്തിൻെറ വിശദാംശങ്ങൾ

അധികം സ്ഥലമോ ജല സ്രോതസ്സ്, വനപ്രദേശം, തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ ഗണ്യമായ നഷ്ടമോ ഇല്ലാത്തതിനാൽ ആഴമേറിയ പാരിസ്ഥിതിക പഠനം ആവശ്യമായി വരുന്നില്ല,

**2.6 ജോലിക്കാരുടെ ആവശ്യം**

ആധുനിക യന്ത്രങ്ങങ്ങളും വ്യത്യസ്ത തോതിലുള്ള പരിശീലനം സിദ്ധിച്ച തൊഴിലാളികളും ആവശ്യമാണ്. പദ്ധതി ബാധിതരെ അവരുടെ കഴിവിനനുസരിച്ച് നിർമ്മാണത്തിൽ ഉൾപ്പെടുത്തണം.

**2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ**

അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യം ഉദിക്കുന്നില്ല.

**2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും**

സാമൂഹ്യ – സാമ്പത്തിക ആഘാതത്തെക്കുറിച്ച് പ്രാബല്യത്തിലുള്ള ദേശീയനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വികസനപദ്ധതികളിൽ പ്രകൃതിവിഭവങ്ങളെയോ കാലവസ്ഥയെയോ ഉപജീവനത്തെയോ പൊതു ആരോഗ്യത്തെയോ സുരക്ഷയെയോ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് പദ്ധതിയുടെ ഉപജ്ഞാതാവ് ഉറപ്പുവരുത്തണം. ഈ നൈയാമിക നിലപാട് സാമൂഹ്യ ആഘാത പഠനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുകയും ഈ പദ്ധതി സുസ്ഥിരമായ ഒന്നാക്കുവാനും ആവശ്യപ്പെടുന്നു. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ ബാധിക്കുന്ന നിയമവ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേരള) നിയമങ്ങൾ 2015
- കേരളസർക്കാർ – റവന്യൂ വകുപ്പ് – ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള സംസ്ഥാന നയങ്ങൾ
- വിവരാവകാശനിയമം 2005
- ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016

**ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013**

നഗരവത്കരണം, വ്യവസായവത്കരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതായി വരുമ്പോൾ, ഉടമസ്ഥർക്ക് ഏറ്റവും കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നവിധത്തിൽ, സുതാര്യമായും പങ്കാളിത്തത്തോടെയും ന്യായമായ നഷ്ടപരിഹാരം നൽകിയും ഭൂമി ഏറ്റെടുക്കൽ ഉറപ്പുവരുത്തുവാനാണ് കേന്ദ്രം ഈ നിയമം നിർമ്മിച്ചിരിക്കുന്നത്. ഭൂമിനഷ്ടപ്പെടുന്നവരും വികസന പ്രക്രിയയിൽ പങ്കുചേരുകയും അവരുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുകയും ചെയ്യുന്ന നല്ല ഒരു അവസ്ഥ സംജാതമാകുന്ന വിധത്തിൽ ഭൂമി ഏറ്റെടുക്കൽ സാധ്യമാകണമെന്നതാണ് ലക്ഷ്യം.

കേന്ദ്രനിയമം അദ്ധ്യായം 4, വകുപ്പ് 11: പൊതു ആവശ്യത്തിനായി ഏതെങ്കിലും മേഖലയിൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ അതിന്റെ വിശദാംശങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലും 2 വർത്തമാന പത്രങ്ങളിലും സർക്കാരിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും പദ്ധതി ബാധിക്കുന്നവരെ അറിയിക്കണം. വകുപ്പ് 4: ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ബാധിത പ്രദേശത്തെ സ്വകാര്യഭൂമി, സർക്കാർ ഭൂമി, വഴികൾ, യാത്രാസൗകര്യങ്ങൾ, പ്രദേശനിവാസികളുടെ ഉപജീവനമാർഗ്ഗം തുടങ്ങിയ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് സാമൂഹ്യ ആഘാത പഠനം നടത്തണം.

വകുപ്പ് 28, 29: ഭൂമി ആവശ്യമായ സ്ഥലങ്ങളിൽ ന്യായമായ നഷ്ടപരിഹാരം എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നൽകണം:

- ആവശ്യമുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം
- ജില്ലാകളക്ടറിന്റെ തീരുമാനമനുസരിച്ച് സ്ഥലത്തിന്റെവില
- ഭൂമിയുടെയും കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വില
- ഭൂമി ഏറ്റെടുക്കുന്നതുവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ
- ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ
- താമസവും തൊഴിൽസ്ഥലങ്ങളും മാറുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ
- ആദായ നഷ്ടം
- നഷ്ടപരിഹാരം
- സാമൂഹ്യ ആഘാത പഠനം പ്രസിദ്ധീകരിക്കുന്ന സമയം മുതൽ ഭൂമിവിലയുടെ 12% നിരക്കിന് പലിശ

*സാമൂഹ്യ ആഘാത പഠനം നടത്തി ആഘാതം ലഘൂകരിക്കുന്നതിനുള്ള രൂപരേഖ തയാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൽ നിയമം അനുശാസിക്കുന്നവ പാലിക്കുവാൻ പദ്ധതി നിർദ്ദേഷ്ടാവ് ബാധ്യസ്ഥനാണ്.*

# അദ്ധ്യായം 3
# സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും

### 3.1 ആമുഖം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013) അനുസരിച്ച് കോഴിക്കോട് ജില്ല ഭരണകൂടം 2019 നവംബർ 29 ന് നൽകിയ ഉത്തരവ് [DCKKD/6055/2018 - B2 dated 29/11/2019], പ്രകാരം ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ് നടത്തി. പദ്ധതി ബാധിക്കുന്ന വ്യക്തികളുടെയും കെട്ടിടങ്ങളുടെയും കുടുംബങ്ങളുടെയും പ്രദേശത്തിൻെറയും വിശദാംശങ്ങൾ ശേഖരിക്കുകയും ആഘാത ലഘൂകരണ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. അനുഭവ സമ്പത്തുള്ള പഠന സംഘാംഗങ്ങൾ വിശദമായ സാമ്പത്തിക – സാമൂഹ്യ സർവ്വേയിലൂടെ പ്രഥമ, ദ്വിതീയ സ്രോതസുകളിൽ നിന്നു പ്രസ്തുത പദ്ധതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു. പദ്ധതി ബാധിതരായ ഭൂവുടമകളെ സന്ദർശിച്ച് അവർക്കുണ്ടാകുന്ന ആഘാതത്തെക്കുറിച്ച് വിലയിരുത്തി.

### 3.2 സാമൂഹ്യ ആഘാത പഠന (SIA) സംഘം

പട്ടിക 3.1 സാമൂഹ്യ ആഘാത പഠന (SIA) സംഘം

| Sl. No. | Name | Qualification & Designation | Experience |
|---|---|---|---|
| 1 | Dr. Thomas Koonan | Director | Ph.D. in Sociology with 25 years experience in administrative, academic and developmental sector |
| 2 | Sebastian KV | MSW, M. PHIL<br>Team Leader, SIA Unit | 25 years experience in Development Sector |
| 3 | Jince Babu | MSW, Asst. Team Leader | 2 years experience in development sector |

കണ്ണൂർ, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ സോഷ്യൽവർക്ക് വിഭാഗം മേധാവി നേതൃത്വം നൽകിയ 3 അംഗ സംഘമാണ് ഉള്ളൂർക്കടവ് പാലത്തിൻെറ അനുബന്ധ റോഡിനായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് പഠനം നടത്തിയത്. സംഘത്തിൻെറ ഡയറക്ടർക്ക് സാമൂഹ്യശാസ്ത്രത്തിൽ ഡോക്ടറേറ്റും അക്കാദമിക രംഗത്തും വിക സന പ്രവർത്തനങ്ങൾ സംബന്ധിച്ച ഗവേഷണം, പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നീ രംഗങ്ങ ളിലും വർഷങ്ങളായുള്ള അനുഭവ സമ്പത്തുണ്ട്. പഠനത്തിൻെറ കോ–ഓർഡിനേറ്റർക്ക് സോഷ്യൽ വർക്കിൽ MSW, ബിരുദാനന്തര ബിരുദങ്ങളും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ദീർഘകാലത്തെ അനുഭവവുമുണ്ട്. സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര യോഗ്യത ഉള്ളവരും സാമൂഹ്യ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണ ത്വരയുള്ളവരുമാണ് സംഘ ത്തിലെ മൂന്നാമത്തെ അംഗം. സാമൂഹ്യ സംഭവ വികാസങ്ങൾ അന്വേഷിക്കുന്നതിലും വിവരങ്ങൾ ശേഖരിക്കുന്നതിലും പ്രാവീണ്യം സിദ്ധിച്ചവരാണിവർ.

**3.3 സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ തയ്യാറാക്കൽ പ്രക്രിയ**

ഭൂമി ഏറ്റെടുക്കലിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ബന്ധപ്പെട്ടവർ ചേർന്ന് പദ്ധതി പ്രദേശം തിരിച്ചറിഞ്ഞു. വിശദമായ പഠനത്തിനു മുൻപ് സാമ്പിൾ പഠനം നടത്തി. പഠനത്തിന് മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചോദ്യാവലി ഉപയോഗിച്ച് പ്രതികരണങ്ങൾ ശേഖരിച്ചു. ദ്വിതീയ സ്രോതസ്സുകളിൽനിന്നും ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങൾ മനസ്സിലാക്കി. രേഖകൾ പരിശോധിച്ച് വിവര ദാതാവ് ആരെന്ന് ഉറപ്പുവരുത്തി.

പൂരിപ്പിച്ച ഫോമുകൾ ശേഖരിച്ച് ഒരു ഡാറ്റാബാങ്ക് തയ്യാറാക്കി. റിപ്പോർട്ട് എഴുതി. ആഘാത ദുരീകരണ പ്ലാൻ തയ്യാറാക്കിയപ്പോൾ, ആ പ്രക്രിയയുടെ ക്രമം കൃത്യമായി പാലിച്ചു - സാമൂഹ്യ സാമ്പത്തിക ആഘാതം മനസ്സിലാക്കി, ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പുകൾ പഠിച്ചു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**3.4 പ്രവർത്തനരീതിയും വിവരശേഖരണവും**

ക്വാണ്ടിറ്റേറ്റീവ്, ക്വാളിറ്റേറ്റീവ് മാർഗ്ഗങ്ങളുപയോഗിച്ചുള്ള പഠനരീതിയാണ് വിവരശേഖരണത്തിനായി സ്വീകരിച്ചത്. ഇതുവഴി കൂടുതൽ സമഗ്രമായ വിവരങ്ങൾ ലഭിക്കുന്നു. പ്രധാനപ്പെട്ട മേഖലകളൊന്നും ഒഴിവാക്കാതെതന്നെ ഇത് കൂടുതൽ പൂർണ്ണതയുള്ള ഫലം നൽകുന്നു (DEAT 2006).

പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളെക്കുറിച്ചുള്ള ക്വാണ്ടിറ്റേറ്റീവ് വിവരങ്ങൾ വീടുകൾ കയറിയിറങ്ങിയുള്ള സർവ്വേകളിലൂടെയാണ് ശേഖരിച്ചത്. പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളെ സാമൂഹ്യആഘാത പഠനസംഘം പ്രധാനമായുംമൂന്നായി തരംതിരിച്ചു: ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ഭാഗികമായി, ബാധിക്കുന്നവർ; ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിപൂർണ്ണമായി ബാധിക്കുന്നവർ; വ്യാപാര/ വ്യവസായ യൂണിറ്റ് ഏറ്റെടുക്കുമ്പോൾ പൂർണ്ണമായോ ഭാഗികമായോ ബാധിക്കുന്നവർ.

സാമൂഹ്യ ആഘാതപഠനത്തിനായി എല്ലാ വീടുകളിലും സംഘം സർവ്വേ നടത്തി. പദ്ധതിപ്രദേശത്ത് ആസ്തിയുള്ള 30 ഭൂവുടമകളും അവരുടെ ആശ്രിതരും പഠനത്തിന്റെ ഭാഗമായി. വിഷയത്തോടനുബന്ധിച്ചുള്ള വിവരശേഖരണത്തിനായി എല്ലാ കുടുംബങ്ങളുടെയും പ്രതിനിധികളുമായി ബന്ധപ്പെട്ടു. മുൻകൂട്ടി തയ്യാറാക്കിയിരുന്ന ക്രമപ്രകാരം വിവരങ്ങൾ ശേഖരിച്ചു. ഒരു പദ്ധതി ബാധിതനിൽനിന്നും വിവരങ്ങൾ ലഭിച്ചില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട പലരുമായി പഠന സംഘം ചർച്ചകൾ നടത്തി. ബാധിത പ്രദേശത്തെ ജനങ്ങൾ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ പ്രതിനിധികൾ, നിയമസഭാംഗം, വിവിധ സർക്കാർ വിഭാഗങ്ങളിലെ പ്രതിനിധികൾ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് വിവിധ അഭിമുഖ സൂചികകൾ സാമൂഹ്യആഘാത പഠനസംഘം തയ്യാറാക്കി.

30 ഭൂവുടമകൾക്കുപുറമെ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, മത സാമൂഹ്യ രാഷ്ട്രീയനേതാക്കൾ തുടങ്ങിയവരുമായി ചർച്ചകൾ നടത്തി പ്രസക്തമായ വിവരങ്ങൾ ശേഖരിച്ചു. നിലവിലുള്ള സാമൂഹ്യ - സാമ്പത്തിക വ്യവസ്ഥിതികളും പദ്ധതിയുടെ സമീപ യാഥാർഥ്യങ്ങളും മനസ്സിലാക്കി.

**ആഘാത പഠനത്തിൻെറയും പ്രദേശത്തിൻെറയും നിശ്ചല ചിത്രങ്ങൾ**





**ബാധിതമാകുന്ന ഉപജീവന സംരംഭങ്ങൾ**



**നിയമ സഭാംഗവുമായി ചർച്ച**



**മുഖ്യവിവരദാതാവ് – സ്പെഷ്യൽ തഹസിൽദാർ**

**3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും**

09/12/2019 മുതൽ പഠന സംഘം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം സന്ദർശിച്ചു. പദ്ധതി ബാധിതരുമായി ചർച്ചകൾ നടത്തി, ആവശ്യമായ വിശദാംശങ്ങൾ ശേഖരിച്ചു.

**3.6 സാമൂഹ്യ ആഘാത പഠന യൂണിറ്റിൻെറ ദിനചര്യകൾ (ദൈനംദിന പുരോഗതി)**

**പട്ടിക 3.2 ദിനചര്യകൾ (പുരോഗതി)**

| *Sl. No* | *പ്രവർത്തനങ്ങൾ* | |
|---|---|---|
| 1. | പഠന യൂണിറ്റായി ഡോൺ ബോസ്കോ കോളേജിൻെറ നിയമനം | നവംബർ 29, 2019 |
| 2. | വിവരശേഖരണ ഉപകരണങ്ങൾ (ചോദ്യാവലികൾ) ഒരുക്കുന്നത് | ഡിസംബർ 10, 2019 |
| 3. | പഠന സംഘത്തിനുള്ള പരിശീലനം | ഡിസംബർ 11, 2019 |
| 4. | പ്രാഥമിക സന്ദർശനം | ഡിസംബർ 13, 2019 |
| 5. | ജില്ല, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ അധികാരികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുമായിപ്രാഥമിക ചർച്ചകൾ | ഡിസംബർ 13, 2019 |
| 6. | പദ്ധതി ബാധിതരുമായി ചർച്ചകൾ | ഡിസംബർ 13–20, 2019 |
| 7. | വിവരങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം | ഡിസംബർ 21–24, 2019 |
| 8. | വിവരങ്ങളുടെ അപ്രഗഥനം | ഡിസംബർ 26–28, 2019 |
| 9. | കരടു രേഖ തയ്യാറാക്കൽ | ഡിസംബർ 29–31, 2019 |
| 10. | കരടു രേഖ സമർപ്പണം | ജനുവരി 06, 2020 |
| 11. | പൊതു ചർച്ച | ജനുവരി 23, 2020 |
| 12. | കളക്ടർക്ക് അന്തിമ റിപ്പോർട്ടിൻെറ സമർപ്പണം | ജനുവരി 27, 2020 |

### 3.7 പൊതുചർച്ചയുടെ സംക്ഷിപ്തരൂപം


ഉള്ളൂർക്കടവ് പാലം അനുബന്ധറോഡ്

സാമൂഹികാഘാതപഠനം നടത്തി; പൊതുചർച്ച 23-ന്

തിരുവങ്ങായ

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തെ ഭൂവുടമകളുടെയും പൊതുജനത്തിൻെറയും യോഗം 23 ജനുവരി 2020 രാവിലെ 11 മണിക്ക് ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്നു. റവന്യു വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പ്രദേശിക സ്വയം ഭരണം (ഗ്രാമ പഞ്ചായത്ത്), സാമൂഹ്യ ആഘാത പഠന ഘടകം മുതലായവയുടെ അധികാരികൾ സന്നിഹിതരായിരുന്നു.

**സന്നിഹിതരായിരുന്ന അധികാരികൾ**

**1) Public Works Department**

| | |
|---|---|
| Sona C | Assistant Engineer, PWD Bridges Section, Kozhikode |
| Sheena K | Overseer, PWD Bridges Section, Kozhikode |

**2) Revenue Department**

| | |
|---|---|
| Muraleedharan K | Special Tahsildar (LA), Koyilandy |

3**) Local Self Govt.**

| | |
|---|---|
| K Dasan | MLA, Koyilandy |
| Karunakaran | President, Chengottukavu Grama Panchayat |
| Shaju Cherakkavil | President, Ulliyeri Grama Panchayat |
| Priya O | Member, Chengottukavu Grama Panchayat |
| VK Sasidharan | Member, Chengottukavu Grama Panchayat |

**4) Social Impact Assessment Unit**

| | |
|---|---|
| Fr Dr K.O. Thomas (Koonan) | Director, SIA |
| Sebastian KV | SIA Coordinator |
| Jince Babu | SIA Team Member |

മൗനപ്രാർത്ഥനയ്ക്കുശേഷം പഠനയൂണിറ്റിൻെറ കോ-ഓർഡിനേറ്റർ, സെബാസ്റ്റ്യൻ കെ.വി. സ്വാഗതം ആശംസിച്ചു. ഫാ. ഡോ. കെ. ഒ. തോമസ് (ആഘാത പഠന യൂണിറ്റ് ഡയറക്ടർ) പൊതുചർച്ചയുടെ പശ്ചാത്തലവും ലക്ഷ്യവും വിശദീകരിക്കുകയും കരട് രേഖയുടെ മുഖ്യഭാഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

പങ്കെടുത്തവർ കരടുരേഖയിൽ വിട്ടുപോയ പേരുകളും കാര്യങ്ങളും ചൂണ്ടികാണിക്കുകയും അവരുടെ സംശയങ്ങൾ ഉന്നയിക്കുകയും പ്രസക്തമായ കാര്യങ്ങളെക്കുറിച്ച് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. അധികാരികൾ അവരവരുടെ ബന്ധപ്പെട്ട മേഖലകളെക്കുറിച്ച് വിശദീകരിച്ചു.

കരടു രേഖയിൽ പരാമർശിച്ചിട്ടുള്ളതുപോലെതന്നെ ജലസ്രോതസ്സായ തൻെറ കിണറിൻെറ നഷ്ടത്തെക്കുറിച്ച് ശ്രീ. എം. പി. മുഹമ്മദ് കോയ ഊന്നി പറഞ്ഞു. ശേഷിക്കുന്ന ഭൂമിയിൽ നഷ്ടപ്പെടുന്ന കെട്ടിടത്തിനു പകരമായി കെട്ടിടം നിർമ്മിക്കുമ്പോൾ നിയമങ്ങളിൽ ഇളവ് ചെയ്ത് തരണമെന്ന് ശ്രീമതി വസന്ത ആവശ്യപ്പെട്ടു. ഏറ്റെടുക്കുക്കുന്ന ഭൂമിയുടെ കൃത്യമായ അളവ് ലഭ്യമായിട്ടില്ലെന്ന് ശ്രീ. അസിസ് വ്യക്തമാക്കി. ആയതിനാൽ ബാധിതമായിരിക്കുന്ന കെട്ടിടത്തിൻെറ അറ്റകുറ്റ പണികളൊന്നും ചെയ്യുവാനാകുന്നില്ലെന്നും പറഞ്ഞു. വിവര ശേഖരണ സമയത്ത് അഭിപ്രായപ്പെട്ടിരുന്നതുപോലെ ശ്രീ. പി.കെ. രാജേഷ് നിലവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്ലാൻ കൂടാതെ ഇതര പ്ലാനുകളെക്കുറിച്ച് പരാമർശിച്ചു.

**അധികാരികളുടെ പ്രതികരണങ്ങൾ**

ശ്രീമതി സോന സി. (അസിസ്റ്റൻറ് എഞ്ചിനീയർ, PWD) രൂപരേഖയെക്കുറിച്ചും പാതയുടെ വീതിയെക്കുറിച്ചും വിശദീകരിച്ചു. പല സാധ്യതാ പ്ലാനുകൾ തയ്യാറാക്കിയിരുന്നെങ്കിലും 2008ൽ തയ്യാറാക്കിയ രൂപരേഖയാണ് ഏറ്റവും യുക്തിസഹമെന്നതിനാൽ അതിനാണ് സർക്കാരിൻെറ അംഗീകാരം ലഭിച്ചിരിക്കുന്നത്. റോഡിൻെറ വീതി തുടക്കത്തിൽ 15 മീറ്ററും ഇടയ്ക്ക് 12 മീറ്ററുമായി ക്രമീകരിച്ചിരിക്കുന്നുവെന്ന് സംശയങ്ങൾക്ക് ഉത്തരമായി അവർ വിശദീകരിച്ചു.

ഏറ്റെടുക്കേണ്ട സ്ഥലത്തിൻെറ കൃത്യമായ അളവ് ഭൂമി ഏറ്റെടുക്കുന്നതിനുമുമ്പായി നിർണ്ണയിക്കുമെന്നും. നിയമം അനുശാസിക്കുന്നതുപോലെ ഏറ്റവും ഒടുവിലത്തെ 3 വർഷങ്ങളിലെ നിരക്ക് പരിശോധിച്ച് ഭൂമിയുടെ വില നിശ്ചയിക്കുമെന്നും ശ്രീ. കെ. മുരളീദരൻ (സ്പെഷ്യൽ തഹസിൽദാർ) അറിയിച്ചു.

രണ്ട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം ഒരു സ്വപ്ന പദ്ധതിയാണെന്നും എത്രയും വേഗം നടപ്പിലാക്കുവാൻ എല്ലാവരും സഹകരിക്കണമെന്നും ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കരുണാകരൻ ആഹ്വാനം ചെയ്തു. ബാധിതരായ മുഴുവൻ പേരുടെയും ആശങ്കകൾ അകറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വേഗത്തിലാക്കണമെന്ന് ഉള്ളിയേരി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഷാജു ചെറക്കാവിൽ പറഞ്ഞു. പാലവും അനുബന്ധ റോഡും നാടിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നും തടസ്സങ്ങളൊന്നും കൂടാതെ എല്ലാവരും സഹകരിച്ച് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കി ഒട്ടും കാലതാമസമില്ലാതെ പൂർത്തീകരിക്കണമെന്നും കൊയിലാണ്ടി MLA ശ്രീ. കെ. ദാസൻ നിർദ്ദേശിച്ചു.

സാമൂഹ്യ ആഘാത പഠന സംഘം തയ്യാറാക്കിയ കരട് റിപ്പോർട്ട് വളരെയധികം വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയെന്ന പൊതു അഭിപ്രായത്തോടെ ചർച്ച സമാപിച്ചു. പൊതുചർച്ചയ്ക്കുശേഷം അധികാരികളെ വ്യക്തിപരമായി കാണുവാനും ബുദ്ധിമുട്ടുകൾ അവതരിപ്പിക്കുവാനും സൗകര്യം ഉണ്ടായിരുന്നു. വളരെ സുതാര്യവും സൗഹാർദ്ദപരവുമായിട്ടാണ് യോഗം നടന്നത്.


കൊയിലാണ്ടി MLA ശ്രീ. കെ. ദാസൻ


ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കരുണാകരൻ


ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഷാജു ചെറക്കാവിൽ


ശ്രീമതി സോന സി. (അസിസ്റ്റൻറ് എഞ്ചിനീയർ, PWD)


ശ്രീ. കെ. മുരളീദരൻ (സ്പെഷ്യൽ തഹസിൽദാർ)


ഭൂവുടമസ്ഥൻെറ സംശയ ദുരീകരണം

# അദ്ധ്യായം 4
# ഭൂമി വിലയിരുത്തൽ

## 4.1 പശ്ചാത്തലം

സാമൂഹ്യ ആഘാത പഠന സംഘം ഡിസംബർ 2019 ൽ പദ്ധതി ബാധിത കുടുംബങ്ങളുടെയും വ്യക്തികളുടെയും സാമ്പത്തിക – സാമൂഹ്യ സർവ്വേ നടത്തി. ആസ്തി, വരുമാനം, ഉപജീവനം എന്നിവയെ പദ്ധതി എത്രമാത്രം ബാധിക്കുമെന്ന് സർവ്വേ കണ്ടെത്തി. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഉപയോഗിച്ചത്. സർവ്വേയുടെ കണ്ടെത്തലുകളും നേരിടുന്ന പ്രശ്നങ്ങളുടെ ഗൗരവവും താഴെ ചേർക്കുന്നു.

## 4.2 പദ്ധതി ബാധിത പ്രദേശത്തിൻെറ വിശദാംശങ്ങൾ


നിർദ്ദിഷ്ട അനുബന്ധ റോഡ് നിർമ്മാണം വഴിയുണ്ടാകുന്ന മുഴുവൻ ആഘാതത്തിൻെറ വിവരണമാണ് പട്ടിക 4.1ൽ കൊടുത്തിരിക്കുന്നത്. 27 കുടുംബങ്ങളുടെയും ഒരു കമ്പനിയുടെയും ഒരു മസ്ജിദിൻെറയും ഒരു കയർ സൊസൈറ്റിയുടെയും ഉൾപ്പെടെ 30 ഭൂവുടമസ്ഥരുടെ 32 ഭൂമികളാണ് ഉള്ളൂർക്കടവ് പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിതമാകുന്നത്.

പട്ടിക 4.1 പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ

| ക്ര. സം. | സർവ്വേ നമ്പർ | ഭൂവുടമസ്ഥർ | ഭൂമിയുടെ ഇനം | ഭൂമി അളവ് | നഷ്ടപ്പെടുന്ന സ്വത്ത് |
|---|---|---|---|---|---|
| 1 | 11/38<br>15/85 | Aalikoya & brother | കര | 4<br>10 | തെങ്ങ് 6, മാവ് 1,<br>ഫല വൃക്ഷങ്ങൾ 4 |
| 2 | 15/4 | Aasiya Kunjassan | കര | 11 | തെങ്ങ് 6 (തൈതെങ്ങ് 4),<br>പ്ലാവ് 2, കൗങ്ങ് 4, കെട്ട് മതിൽ |
| 3 | 16 | Aayisha& Muhamed | കര | 40 | തെങ്ങ് 5, കൗങ്ങ് 7, തേക്ക് 1,<br>മതിൽ, കവാടം |
| 4 | | Abdulgafoor, Aashirvad | കര | 56 | തെങ്ങ് 10, മതിൽ, കവാടം |
| 5 | 15/2 | Abdurahuman Panjola | കര | | മതിൽ, തെങ്ങ്, മാവ് |
| 6 | | Abdurahuman, | കര | 14.5 | മാവ് 3, തെങ്ങ് 5 |
| 7 | 41/1 | Abubakkar, | കര | 17 | തെങ്ങ് 5, കൗങ്ങ് 3, മാവ് 2 |
| 8 | 14/1 3 | Abubakkar, | | 12 | കടയുടെ മുൻവശം |
| 9 | | Ahammed, Munavaras | കര | 15 | തെങ്ങ് 2, തൈതെങ്ങ് 2,<br>കൗങ്ങ് 8, പ്ലാവ് 1 |
| 10 | | Asiss, Kunjayankutty | കര | 5 | കെട്ടിടത്തിൻെറ മുൻഭാഗം, |
| 11 | | Baiju | കര | | തെങ്ങ് 3, വീട് |
| 12 | | Cheliya Juma Masjid | കര | 3 | ആൽ മരം 1 |
| 13 | 14/56 B | Hareesh & Aneesh | കര | 48 | തെങ്ങ് 25, കൗങ്ങ് 5,<br>കശുമാവ് 1, കാഞ്ഞിരം 1, പന 1 |
| 14 | 16/28 | Kadhessa & others | കര | 37 | തെങ്ങ് 14, മാവ് 1 |
| 15 | | Krishnan M | കര | 10 | തെങ്ങ് 2, കിണർ, കവാടം, മതിൽ,<br>വെൽഡിങ്ങ് യൂണിറ്റിൻെറ<br>ഷീറ്റിട്ട മുൻഭാഗം |
| 16 | 41 | Kunjarayankutty | കര | 6 | തെങ്ങ് 5 |
| 17 | 16/4 | Kunnathara Coir Co-op Society, | കര | 20 | ശൗചാലയം, പൈപ്പ് ലൈൻ |
| 18 | | Lakshmiamma | കര | 2 | തെങ്ങ് 4 |

| | | | | | |
|---|---|---|---|---|---|
| 19 | 15/70 | Maimuna | കര | 16 | തെങ്ങ് 2, കൗങ്ങ് 2, മുൻവശത്തെ മതിൽ |
| 20 | | Majeed Chettiyankandi, | കര | 20 | തെങ്ങ് 5, പ്ലാവ് 1, മതിൽ, കവാടം, മരങ്ങൾ |
| 21 | | Mammadkoya | കര | 50 | തെങ്ങ് 8, മതിൽ, കവാടം, കിണർ, മഹാഗണി, പ്ലാവ് |
| 22 | 16 | Moidheen C | കര | 16 | മതിൽ, കവാടം, തെങ്ങ് 2, കൗങ്ങ് 5, പ്ലാവ് 2, മാവ് 2 |
| 23 | | Moidheenkutty | കര | 9 | തെങ്ങ് 6 |
| 24 | | Muhammadkoya, | കര | 48 | തെങ്ങ് 8, മാവ് 1 |
| 25 | 41/1 | Mujeeb,<br>S/o Mohammed Koya | കര | 50 | തെങ്ങ് 8, പ്ലാവ് 1, മഹാഗണി 1, മുരിങ്ങ 1, മാവ് 2, കൗങ്ങ് 4, മതിൽ, കവാടം |
| 26 | 14/1 | Musthafa & K C Babu | കര | 1 | ചെമ്മീൻ സംസ്കരണ യൂണിറ്റിലേയ്ക്കുള്ള വഴി |
| 27 | | Naser | കര | 13 | മതിൽ, കവാടം, തെങ്ങ് |
| 28 | 16/57 | Rajesh PK | കര | 48 | തെങ്ങ് 50, കൗങ്ങ് 30, പ്ലാവ് 2, മാവ് 4, മറ്റുള്ളവ 5 |
| | | Sajeevan Kadavath | ചായക്കട | | ഉപജീവനം (ക്യാൻസർ രോഗി) |
| 29 | 41 | Ramakrishnan | കര | 32 | തെങ്ങ് 5, മാവ് 1, മതിൽ, കവാടം |
| 30 | 41/3 | Sivadassan | കര | 10 | 4 കടമുറികൾ, മുറി വാടക, തെങ്ങ് 6 |
| 31 | 15/4 | Suhaschandran | കര | 32.5 | തെങ്ങ് 12, മഹാഗണി 1, പ്ലാവ് 1, കൗങ്ങ് 5, വലിയ മാവ് |
| 32 | 41/1 | Vasantha Naduvilayil | കര | 38<br>19.25 | തെങ്ങ് 8 |

**4.3 പദ്ധതിയുടെ ഭൂപടം**




**4.4 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ**

| പട്ടിക 4.2 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമികൾ | | | |
|---|---|---|---|
| ക്ര. സം. | സർ വ്വേ നം. | വില്ലേജുകൾ | ബാധിത പ്രദേശം |
| 1 | 41, 40 | ചെങ്ങോട്ട്കാവ് | 1.4443 ഹെക്ടർ |
| 2 | 16,15,11 | ഉള്ളിയേരി | |

1.443 ഹെക്ടർ ഭൂമിയാണ് പദ്ധതിയ്ക്ക് ആവശ്യം. ഭൂമി മുഴുവനും കര ഭൂമിയാണ്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ ഭൂമിയാണ്

**4.5 പൊതു ഭൂമിയുടെ ഉപയോഗം**

പദ്ധതി പ്രദേശത്ത് പൊതു ഭൂമി ഉൾപ്പെടുന്നില്ല.

**4.6 വാങ്ങിയ ഭൂമികൾ**

പുതിയ പദ്ധതിയ്ക്കായി ഭൂമിയൊന്നും വാങ്ങിയിട്ടില്ല.

**4.7 പദ്ധതി പ്രദേശത്തെ സമീപകാല ഭൂവ്യവഹാരങ്ങൾ**

ലഭിച്ച വിവരങ്ങൾ അനുസരിച്ച് 32 ഭൂമികൾ ഉൾപ്പെടുന്ന പദ്ധതി പ്രദേശത്ത് 31 എണ്ണത്തിൽ കഴിഞ്ഞ 3 വർഷക്കാലം കച്ചവടങ്ങൾ നടന്നിട്ടില്ല. 1 ഭൂമിയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

**പട്ടിക 4.3 സമീപകാല കൈമാറ്റങ്ങൾ**

| ഇനം | സംഖ്യ | ശതമാനം |
|---|---|---|
| കൈമാറ്റം നടക്കാത്തവ | 31 | 96.9 |
| വിവരം ലഭിക്കാത്തവ | 1 | 3.1 |
| ആകെ | 32 | 100.00 |

# അദ്ധ്യായം 5
# മൂല്യനിർണ്ണയവും വിവരണവും

ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകളിൽ പദ്ധതി നിമിത്തം ആസ്തി, ഉപജീവനം, വരുമാനം മുതലായവയിൽ ഉണ്ടാകുന്ന നഷ്ടങ്ങളും ആഘാതത്തിൻെറ തോതുമാണ് ഈ അദ്ധ്യായത്തിൻെറ പ്രതിപാദ്യ വിഷയം. കുടുംബങ്ങളെ കൂടാതെ ബാധിതമാകുന്ന മറ്റ് പ്രസ്ഥാനങ്ങളുടെ വിവരങ്ങളും താഴെ നൽകിയിട്ടുണ്ട്.

### 5.1 ബാധിതമാകുന്ന ഭൂമികളുടെ സംഖ്യകൾ

ഉള്ളൂർക്കടവ് പാലം റോഡ് പദ്ധതിയ്ക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന 1.4443 ഹെക്ടർ ഭൂമി പദ്ധതി ബാധിതമാണ്. നിർദ്ദേശിപ്പെട്ടിരിക്കുന്ന ഭൂമി 2 വില്ലേജുകളിൽപ്പെടുന്നു: ചെങ്ങോട്ട്കാവ് 21, ഉള്ളിയേരി 11. 27 കുടുംബങ്ങളുടെയും ഒരു കമ്പനിയുടെയും ഒരു മസ്ജിദിൻെറയും ഒരു കയർ സൊസൈറ്റിയുടെയും ഉൾപ്പെടെ 30 ഭൂവുടമസ്ഥരുടെ 32 ഭൂമികളാണ് ഉള്ളൂർക്കടവ് പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിതമാകുന്നത്.

| പട്ടിക 5.1 ഗ്രാമങ്ങളനുസരിച്ച് ബാധിതമാകുന്ന ഭൂമികൾ | | |
|---|---|---|
| *ക്ര. സം.* | **വില്ലേജുകൾ** | **സംഖ്യ** |
| 1 | ചെങ്ങോട്ട്കാവ് | 21 |
| 2 | ഉള്ളിയേരി | 11 |
| | ആകെ | 32 |

### 5.2 ബാധിതമാകുന്നതിൻെറ തോത്

| പട്ടിക 5.2 ബാധിതമാകുന്നതിൻെറ തോത് | | |
|---|---|---|
| തോത് | സംഖ്യ | ശതമാനം |
| പൂർണ്ണമായി ബാധിതമാകുന്നവ | 4 | 12.5 |
| ഭാഗികമായി ബാധിതമാകുന്നവ | 28 | 87.5 |
| ആകെ | 32 | 100.0 |

32 ഭൂമികളിൽ 4 പൂർണ്ണമായും ബാധിതമാകും, 28 എണ്ണം ഭാഗികമായും. സാധാരണയായി 70 ശതമാനം ബാധിതമായാലാണ് പൂർണ്ണ ബാധിതമായി പരിഗണിക്കുന്നത്. എന്നാൽ ഒരു വീടിൻെറ സ്വകാര്യത നഷ്ടപ്പെടുകയോ അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം ഇല്ലാതെ പോവുകയോ ചെയ്താൽ, 70% ൽ കുറവ് ബാധിതമാണെങ്കിലും അത് പൂർണ്ണ ബാധിതമായി തന്നെ പരിഗണിക്കപ്പെടണമെന്നാണ് അഭിപ്രായം.

### 5.3 ഭൂമികളുടെ ഉടമസ്ഥതയുടെ തരം

പദ്ധതി പ്രദേശമായ 1.4443 ഹെക്ടർ ഭൂമി മുഴുവനും സ്വകാര്യ ഭൂമിയാണ്.

| പട്ടിക 5.3 ഉടമസ്ഥതയുടെ തരം | | |
|---|---|---|
| ഇനം | സംഖ്യ | ശതമാനം |
| പരമ്പരാഗതം | 6 | 18.8 |
| വാങ്ങിച്ചവ | 25 | 78.1 |
| ലഭ്യമല്ലാത്തവ | 1 | 3.1 |
| ആകെ | 32 | 100.0 |

32 ഭൂമികളിൽ 6 എണ്ണം പരമ്പരാഗതമായി ലഭിച്ചവയാണ്. 25 ഭൂമികൾ വാങ്ങിച്ചവയാണ്. ഒരു ഭൂമിയുടെ കാര്യം കൃത്യമായി അറിവില്ല.

### 5.4 ഭൂമികളുടെ രേഖകൾ

പദ്ധതി ബാധിതർ നൽകിയ വിവരങ്ങൾ അനുസരിച്ച് എല്ലാ 32 ഭൂമികൾക്കും രേഖകളുണ്ട്.

### 5.5 ഭൂമികളുടെ നിലവിലെ ഉപയോഗം

**പട്ടിക 5.4 ഭൂമികളുടെ നിലവിലെ ഉപയോഗം**

| ഇനം | സംഖ്യ |
|---|---|
| വീട് | 2 |
| കട | 2 |
| മതിലുകളും കവാടങ്ങളും | 13 |
| ശൗചാലയം | 1 |
| കെട്ടിടങ്ങളുടെ മുൻവശം | 6 |
| ഭൂമി | 15 |
| റോഡ് | 1 |
| കിണർ | 2 |
| മറ്റുള്ളവ | 6 |

ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ഉള്ള വിഭവങ്ങളാണ് പട്ടിക 5.4 വെളിപ്പെടുത്തുന്നത്. 2 ഭൂമികളിൽ വീടുണ്ട്. 15 എണ്ണം കാർഷിക വിഭവങ്ങളുള്ള ഭൂമികളാണ്. 13 എണ്ണത്തിൽ മതിലുകളും കവാടങ്ങളുമുണ്ട്. 2 കടകളുണ്ട്. 1 ഭൂമി വഴിയാണ്. ഉപജീവനത്തിന് ഉപയോഗിക്കുന്ന ചില സംരംഭങ്ങൾ ഉൾപ്പെടെ 6 ഭൂമികളുണ്ട്.

### 5.6 ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ

**പട്ടിക 5.5 ഉടമസ്ഥതയിലുള്ള ഭൂമികളുടെ അളവുകൾ**

| അളവുകൾ | സംഖ്യ | ശതമാനം |
|---|---|---|
| 5 സെൻറിനു താഴെ | 4 | 12.5 |
| 5 -10 സെൻറുകൾ | 3 | 09.4 |
| 11 - 15 സെൻറുകൾ | 6 | 18.8 |
| 16 - 25 സെൻറുകൾ | 5 | 15.6 |
| 26 – 50 സെൻറുകൾ | 12 | 37.5 |
| 50 സെൻറിന് കൂടുതൽ | 2 | 06.2 |
| ആകെ | 32 | 100.00 |

പദ്ധതി ബാധിതരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൻെറ അളവാണ് പട്ടിക 5.5 വ്യക്തമാക്കുന്നത്. 4 വ്യക്തികൾക്ക് 5 സെൻറിനു താഴെ ഭൂമിയാണുള്ളത്. 3 പേർക്ക് 5 നും 10നും ഇടയ്ക്ക് സെൻറുകളുള്ളപ്പോൾ 6 പേർക്ക് 11 നും 15 നുമിടയ്ക്കാണ് ഉള്ളത്. 5 പേർക്ക് 16 മുതൽ 25 സെൻറുവരെയും 12 പേർക്ക് 26 മുതൽ 50 സെൻറ് വരെയുമുണ്ട്. 2 പേർക്ക് 50 സെൻറിനും 1 ഏക്കറിനുമിടയ്ക്കുണ്ട്.

### 5.7 ബാധിതമാകുന്ന പദ്ധതി പ്രദേശത്തിൻെറ അളവ്

ഓരോ ഭൂവുടമയ്ക്കും നഷ്ടമാകുന്ന ഭൂമിയുടെ കൃത്യം അളവ് ഇതുവരെ അറിവായിട്ടില്ല.

**5.8 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം**

പദ്ധതി പ്രദേശത്തെ ഭൂവുടമകൾക്കുള്ള ഇതര ഭൂമികളുടെ ഉടമസ്ഥതയാണ് പട്ടിക 5.6 കാണിക്കുന്നത്. 32 ഭൂവുടമകളിൽ 22 പേർക്ക് ഇതര ഭൂമിയുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. 9 പേർക്ക് വേറേ ഭൂമിയില്ല.

| പട്ടിക 5.6 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം | | |
|---|---|---|
| ഇനം | സംഖ്യ | ശതമാനം |
| വേറെ ഭൂമിയുണ്ട് | 22 | 68.8 |
| വേറെ ഭൂമിയില്ല | 9 | 28.1 |
| ലഭ്യമല്ല | 1 | 03.1 |
| ആകെ | 32 | 100.0 |

**5.9 ബാധിതരാകുന്ന സാമൂഹ്യ വിഭാഗങ്ങൾ / ദുർബല വിഭാഗം**

| പട്ടിക 5.7 ബാധിതരാകുന്ന സാമൂഹ്യ വിഭാഗങ്ങൾ | | |
|---|---|---|
| **സാമൂഹ്യ വിഭാഗം** | സംഖ്യ | ശതമാനം |
| പട്ടിക ജാതി | 01 | 03.1 |
| മറ്റ് പിന്നോക്ക വിഭാഗം | 19 | 59.4 |
| പൊതുവിഭാഗം | 6 | 18.9 |
| ലഭ്യമല്ലാത്തവ | 4 | 12.6 |
| ആകെ | 30 | 100.0 |

പട്ടിക 5.7 പ്രകാരം 32 ഭൂമികളിൽ 19 എണ്ണം മറ്റ് പിന്നോക്ക വിഭാഗക്കാരുടേതാണ്. 6 എണ്ണമാണ് പൊതു വിഭാഗത്തിൽപ്പെടുന്നത്. ഒരു കുടുംബം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടതാണ്.

**5.10 നിത്യരോഗികളായ പദ്ധതി ബാധിതർ**

| പട്ടിക 5.8 നിത്യ രോഗികൾ | |
|---|---|
| **രോഗങ്ങൾ** | സംഖ്യ |
| ക്യാൻസർ | 2 |
| ഹൃദയ ധമനി സംബന്ധം | 2 |
| പ്രമേഹം | 4 |
| ഹൃദ്രോഗം | 2 |

ആകെ 10 നിത്യരോഗികളുണ്ട്. 4 പ്രമേഹ രോഗികളും 2 ക്യാൻസർ രോഗികളും 2 ഹൃദയ ധമനി സംബന്ധമായ രോഗികളും 2 ഹൃദ്രോഗികളുമാണുള്ളത്.

**5.11 ബാധിതമാകുന്ന ഉപജീവന മാർഗ്ഗങ്ങൾ**

ഉപജീവനം പരോക്ഷമായി (ഭൂമിയുടെ ഉടമസ്ഥർ വേറെയാണ്) ബാധിക്കുന്ന 3 പേരാണുള്ളത്. ഉള്ളൂർ ഭാഗത്ത് ശ്രീ. രാജേഷിൻെറ ഭൂമിയിൽ താത്കാലിക ചായ കച്ചവടം നടത്തുന്ന ഒരാളുണ്ട്. ചെങ്ങോട്ട്കാവ് വില്ലേജിൽ ഒരു തടിയുൽപ്പന്ന യൂണിറ്റും ഒരു മത്സ്യ വിൽപ്പന യൂണിറ്റുമുണ്ട്.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക ഘടന

### 6.1 ആമുഖം

പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക നിലവാരവും സവിശേഷതകളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നത്. ജനസംഖ്യയും സാമൂഹ്യ വത്കരണവും അനുബന്ധ വിഷയങ്ങളും താഴെ കാണാം.

### 6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ

പട്ടിക 6.1 കുടുംബങ്ങളുടെ വിശദാംശങ്ങൾ

| ക്ര. സം. | സർവ്വേ സം. | ഭൂവുടമസ്ഥർ | കുടുംബാംഗങ്ങളുടെ സംഖ്യ | | |
|---|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 1 | 11/38,15/85 | Aalikoya & brother | 1 | 1 | 2 |
| 2 | 15/4 | Aasiya U K | 2 | 2 | 4 |
| 3 | 16 | Aayisha, Kuttiyil H. | 1 | 4 | 5 |
| 4 | | Abdulgafoor, Aasheervad (H) | 2 | 4 | 6 |
| 5 | | Abdurahuman Panjola | 2 | 3 | 5 |
| 6 | | Abdurahuman, Raheema Cottage | 4 | 2 | 6 |
| 7 | 41/1 | Abubakkar | 2 | 4 | 6 |
| 8 | | Ahammed, Munavaras | 1 | 3 | 4 |
| 9 | | Asiss (Kunjayankutty) | 4 | 1 | 5 |
| 10 | | Baiju | 1 | - | 1 |
| 11 | | Cheliya Jumma Masjid | - | - | 0 |
| 12 | 14/56-B | Hareesh and Aneesh | 3 | 2 | 5 |
| 13 | | Krishnan M | 1 | 3 | 4 |
| 14 | | Kunjarayankutty | 2 | 1 | 3 |
| 15 | 16/4 | Kunnathara Coir Society | - | - | 0 |
| 16 | | Lakshmiamma | 2 | 1 | 3 |
| 17 | 15/70 | Maimuna / Khadeesa | 1 | 3 | 4 |
| 18 | | Majeed Chettiyamkandi | 4 | 1 | 5 |
| 19 | | Mammadkoya, Manjusha (H) | 4 | 2 | 6 |
| 20 | | Moidheen C, Cheruvath | 2 | 3 | 5 |
| 21 | | Moidheenkutty | 2 | 2 | 4 |
| 22 | | Muhammadkoya, Muhabath | 2 | 4 | 6 |
| 23 | | Mujeeb | 1 | 3 | 4 |
| 24 | | Musthafa & K C Babu | - | - | 0 |
| 25 | | Naser Valiyakulangara | 2 | 3 | 5 |
| 26 | 16/57 | Rajesh P K | 1 | 1 | 2 |
| 27 | 41 | Ramakrishnan | 1 | 2 | 3 |
| 28 | 41/3 | Sivadasan, Malayil house | 2 | 2 | 4 |
| 29 | 15/4 | Suhaschandran | 1 | 3 | 4 |
| 30 | 41/1 | Vasantha, Naduvilayil | 4 | 3 | 7 |
| ആകെ | | | 55 | 63 | 118 |

കുടുംബങ്ങളുടെ വിശദാംശങ്ങൾ പട്ടിക 6.1 വെളിപ്പെടുത്തുന്നു. ആകെയുള്ള 118 പദ്ധതി ബാധിത പ്രദേശ വാസികളിൽ 55 പുരുഷന്മാരും 63 സ്ത്രീകളുമുണ്ട്.

**6.3 സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം**

| പട്ടിക 6.2 സാമൂഹ്യ ജീവിതത്തിന്മേൽ ആഘാതം | | |
|---|---|---|
| | സംഖ്യ | ശതമാനം |
| ബാധിക്കില്ല | 31 | 96.9 |
| ലഭിക്കാത്തവ /അപ്രസക്തം | 1 | 3.1 |
| ആകെ | 32 | 100.00 |

സാമൂഹ്യ ജീവിതത്തിൽ വരാവുന്ന ആഘാതമാണ് പട്ടിക 6.2 ൽ പ്രതിപാദിക്കുന്നത്. ഭൂരിഭാഗവും സാമൂഹ്യ ജീവിതത്തെ ബാധിക്കില്ലെന്ന് അഭിപ്രായപ്പെടുന്നു.

**6.4 പ്രതിമാസ വരുമാനം**

| പട്ടിക 6.3 കുടുംബത്തിൻെറ പ്രതിമാസ വരുമാനം | | |
|---|---|---|
| പ്രതിമാസ വരുമാനം | സംഖ്യ | ശതമാനം |
| 5000 ത്തിനു താഴെ | 4 | 12.5 |
| 5000 — 10000 | 5 | 15.6 |
| 10,001 — 20,000 | 2 | 06.2 |
| 20,001 — 50,000 | 8 | 25.0 |
| 50,000 ത്തിനു മുകളിൽ | 7 | 21.9 |
| ലഭിക്കാത്തവ / അപ്രസക്തം | 6 | 18.8 |
| ആകെ | 32 | 100.0 |

ഭൂവുടമസ്ഥരുടെ പ്രതിമാസ കുടുംബ വരുമാനമാണ് പട്ടിക 6.3 ൽ കാണുന്നത്. 4 കുടുംബങ്ങളുടെ വരുമാനം 5000 രൂപയ്ക്ക് താഴെയാണ്. 5 കുടുംബങ്ങൾക്ക് 5,001 നും 10,000 നുമിടയ്ക്കാണ്. 2 പേർക്ക് 10,001 നും 20,000നുമിടയിലുണ്ട്. 20,001 നും 50,000നുമിടയിൽ 8 പേരാണ്. 50,000 നുമുകളിൽ 7 പേരുണ്ട്.

**6.5 സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം**

| പട്ടിക 6.4 സാമ്പത്തിക ജീവിതത്തിന്മേൽ ആഘാതം | | |
|---|---|---|
| | സംഖ്യ | ശതമാനം |
| ബാധിക്കും | 14 | 43.8 |
| ബാധിക്കില്ല | 15 | 46.9 |
| ലഭിക്കാത്തവ / അപ്രസക്തം | 3 | 9.3 |
| ആകെ | 32 | 100.0 |

സാമ്പത്തിക മേഖലയെ ബാധിക്കുമെന്നാണ് 32 ഭൂവുടമകളിൽ 14 പേർ അഭിപ്രായപ്പെടുന്നത്. 15 പേർ ഭൂമി ഏറ്റെടുക്കൽ സാമ്പത്തിക മേഖലയെ ബാധിക്കുകയില്ലെന്നും സമർത്ഥിക്കുന്നു.

**6.6 മുഖ്യമായ വരുമാന മാർഗ്ഗം**

പദ്ധതി ബാധിതരുടെ തൊഴിലുകളാണ് പട്ടിക 6.5ൽ കാണുന്നത്. 5 പേർക്ക് സർക്കാർ ജോലിയുണ്ട്. 5 പേർ സ്വകാര്യ ജോലിയിൽ ഏർപ്പെടുന്നു. ഒരു കുടുംബത്തിന് കൂലിപ്പണിയാണ് വരുമാനം. 3 പേർ സ്വയം തൊഴിൽ ചെയ്യുന്നു. ഒരാൾക്ക് പെൻഷനാണ് വരുമാനം.

| പട്ടിക 6.5 മുഖ്യമായ വരുമാന മാർഗ്ഗം | | |
|---|---|---|
| ***ജോലി*** | **സംഖ്യ** | **ശതമാനം** |
| സർക്കാർ ജോലി | 5 | 15.6 |
| സ്വകാര്യ ജോലി | 5 | 15.6 |
| കൂലി | 1 | 3.1 |
| ഫാക്ടറി | 2 | 6.3 |
| വ്യാപാരം, | 3 | 9.4 |
| സ്വയം തൊഴിൽ | 1 | 3.1 |
| പെൻഷൻ | 1 | 3.1 |
| മറ്റുള്ളവ | 8 | 25.0 |
| പ്രസക്തമല്ല | 6 | 18.8 |
| ആകെ | 32 | 100.0 |

**6.7 റേഷൻ കാർഡിൻെറ ഇനം**

| പട്ടിക 6.6 റേഷൻ കാർഡിൻെറ ഇനം | | |
|---|---|---|
| ഇനം | **സംഖ്യ** | **ശതമാനം** |
| എ.പി.എൽ. | 24 | 75.0 |
| ബി.പി.എൽ | 2 | 6.2 |
| പ്രസക്തമല്ല | 6 | 18.8 |
| ആകെ | 32 | 100.0 |

ബാധിതരാകുന്ന കുടുംബങ്ങളുടെ റേഷൻ കാർഡിൻെറ വിവരങ്ങളാണ് പട്ടിക 6.6 ൽ കാണുന്നത്. 32 റേഷൻ കാർഡുകളിൽ 2 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരും 24 എണ്ണം ദാരിദ്യ രേഖയ്ക്കു മുകളിലുള്ളവരുമാണ്.

# അദ്ധ്യായം 7
# ആഘാത ദുരീകരണപദ്ധതി

### 7.1 ആഘാത ദുരീകരണ സമീപനം

ഭൂമി ഏറ്റെടുക്കൽ സൃഷ്ടിക്കുന്ന ആഘാതം ദുരീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭൂവുടമകൾ ന്യായമായ നഷ്ടപരിഹാരമാണ് മുഖ്യമായും ആവശ്യപ്പെടുന്നത്. അതിനാൽ ഭൂവുടമകളുമായി ചർച്ച നടത്തി നഷ്ടപരിഹാരം തീരുമാനിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് തുക നൽകണമെന്നാണ് നിർദ്ദേശം.

### 7.2 ആഘാതം ഇല്ലായ്മ ചെയ്യുവാനും ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും

2013 ലെ നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ ഭൂമി വിട്ട് കൊടുക്കുവാൻ ഭൂവുടമകൾ തയ്യാറാണെന്നാണ് സാമുഹ്യ ആഘാത പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. ന്യായമായ നഷ്ടപരിഹാരം സുതാര്യമായ വിധത്തിൽ സമയബന്ധിതമായി നൽകണം.

### 7.3 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ

ബാധിതർക്ക് 2013 നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം ലഭ്യമാക്കണം. നിർദ്ദേഷ്ടാവ് നിയമത്തിൻെറ വകുപ്പുകൾ പാലിക്കുകയും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സമഗ്ര പ്ലാൻ നിറവേറ്റുകയും ചെയ്യണം. നഷ്ടപരിഹാരം നിയമം അനുശാസിക്കുന്ന വിധത്തിലും സമയത്തും പൂർണ്ണമായും നൽകണം

### 7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ

നാണയപ്പെരുപ്പവും കേരളത്തിലെ ഭൂമി വിലയും പരിഗണിച്ച് പ്രത്യേക പാക്കേജനുസരിച്ച് നഷ്ടപരിഹാരം നൽകണം. പദ്ധതി ബാധിതർ അവരുടെ വിലപ്പെട്ട സമ്പാദ്യം പൊതു താത്പര്യത്തിനുവേണ്ടി നൽകുമ്പോൾ ഭൂമിയുമായുള്ള അവരുടെ വൈകാരിക ബന്ധവും അനുഭാവപൂർവ്വം പരിഗണിക്കണം.

### 7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ

സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകളൊന്നും നിർദ്ദേശിക്കപ്പെട്ടില്ല. പ്രസ്തുത പദ്ധതി രേഖ പൊതുവെ സ്വീകാര്യമാണ്.

### 7.6 ആഘാത ദുരീകരണവും പ്ലാനും

നടത്തിയ ചർച്ചകളുടെയും പദ്ധതി പരിശോധനകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യ ആഘാത ദുരീകരണ പ്ലാൻ രൂപകൽപന ചെയ്തിട്ടുണ്ട്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തുകയെന്നത് പദ്ധതി നിർദ്ദേഷ്ടാവിൻെറയും ജില്ലാ ഭരണകൂടത്തിൻെറയും ഉത്തരവാദിത്തമാണ്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

| പട്ടിക 7.1 ആഘാത ദുരീകരണവും പ്ലാനും | | | |
|---|---|---|---|
| **ആഘാതം** | **ദുരീകരണ മാർഗ്ഗങ്ങൾ** | **നിരീക്ഷിക്കേണ്ട ഘടകങ്ങൾ** | **ചുമതലയുള്ളവർ** |
| അപര്യാപ്തമായ നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ആകുലത | പൂർണ്ണ നഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുക; അത് മുൻകൂട്ടി പ്രസിദ്ധീകരിക്കുക, പരാതികൾ പരിഹരിക്കുവാൻ സംവിധാനം സൃഷ്ടിക്കുക | നഷ്ടപരിഹാരത്തിൽ സുതാര്യത; നഷ്ട പരിഹാരത്തെക്കുറിച്ചുള്ള പരാതികളുടെ സംഖ്യ; നഷ്ടപരിഹാരം വർദ്ധിപ്പിക്കുവാനുള്ള അഭ്യർത്ഥനകളുടെ സംഖ്യ | റവന്യൂ വകുപ്പ് |
| പുനരധിവാസത്തെക്കുറിച്ചും പുനസ്ഥാപനത്തെക്കുറിച്ചുമുള്ള ആശങ്ക | സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുക | നഷ്ടപരിഹാരം സുതാര്യമായും കൃത്യമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക | റവന്യൂ വകുപ്പ് |
| പകരം ഭൂമി വാങ്ങുവാൻ ധനം മതിയാകാത്തത് | പദ്ധതി പ്രദേശത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ ഭൂമി വാങ്ങുവാൻ ആകുംവിധം നഷ്ടപരിഹാരത്തിൻെറ മാനദണ്ഡം ഭേദഗതിചെയ്യുക മുദ്രപത്രത്തിലും മറ്റും ഇളവ് നൽകുക | ഭൂമി കണ്ടുപിടിക്കുവാൻ സാധിക്കാത്തവർ. | റവന്യൂ വകുപ്പ് |
| നഷ്ട പരിഹാരം ലഭിക്കുവാനുള്ള കാലതാമസം | നഷ്ട പരിഹാരം മുൻകൂട്ടി നിശ്ചയിക്കുക | നഷ്ടപരിഹാരം ലഭിക്കുവാൻ ദീർഘനാൾ കാത്തിരിക്കേണ്ടവരുടെ സംഖ്യ | റവന്യൂ വകുപ്പ് |

**സാമ്പത്തിക നടപടികൾ**

30 ഭൂവുടമകൾക്കും ആശ്രിതർക്കും ഭൂമി / പാർപ്പിടങ്ങൾ / ഇതര ആസ്തികൾ നഷ്ടപ്പെടുന്നതാണ് രൂക്ഷമായ സാമൂഹ്യ ആഘാതം. 2013 ഭൂമി ഏറ്റെടുക്കൽ നിയമം 26 മുതൽ 31 വരെയുള്ള വകുപ്പുകൾ അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം സമയ ബന്ധിതമായി ലഭ്യമാക്കണം.

നിർമ്മാണത്തിൽ പദ്ധതി ബാധിതരുടെ കഴിവനുസരിച്ചും പദ്ധതിയുടെ ആവശ്യമനുസരിച്ചും പദ്ധതി ബാധിതരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

**പാരിസ്ഥിതിക നടപടികൾ**

a) പദ്ധതി രൂപകൽപ്പന ചെയ്യുമ്പോൾ പ്രദേശത്തെ വൃക്ഷലതാദികളെ ബാധിക്കാത്ത തരത്തിൽ പരിസ്ഥിതി സൗഹൃദമായ മാർഗ്ഗങ്ങൾ അവലംഭിക്കണം.

b) വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

**പുനരധിവാസവും പുന:സ്ഥാപനവും**

പൂർണ്ണമായി പദ്ധതി ബാധിതരാകുന്നവർക്ക് പുന:സ്ഥാപനം ഉൾപ്പെടെയുള്ള ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. പുനരധിവാസ പ്രക്രിയയിൽ പദ്ധതി ബാധിതരെ വൈകാരിക തലത്തിലും ക്ഷതമേൽപ്പിക്കാതെ സൂക്ഷിക്കണം.

**മറ്റ് നടപടികൾ**

- പരോക്ഷമായി ബാധിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രാപ്തിയുള്ള ഒരു സംവിധാനം സൃഷ്ടിക്കണം.

**7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ**

- ശുചിത്വം, ആരോഗ്യം മുതലായ കാര്യങ്ങളിൽ കുറവുകൾ വരാതിരിക്കുവാൻ മുൻകരുതലുകൾ എടുക്കണം.
- പഠനയൂണിറ്റിന് ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാൻ സാധിക്കാതെപോയവരുമായി ബന്ധപ്പെടുവാൻ പരിശ്രമിക്കണം.
- 3 കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗം ബാധിതമാകുന്നുണ്ട്: ഇവർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. പഴയതോ പുതിയതോ ആയ ജോലികൾക്ക് സഹായകരമായ പ്രോഗ്രാമുകളിൽ ഉൾപ്പെടുവാൻ സർക്കാർ സംവിധാനങ്ങളുമായി ബന്ധിക്കുകയും വേണം.
- നിർമ്മാണ തൊഴിലാളികളുടെയും പൊതുജനത്തിൻെറയും സുരക്ഷ ഉറപ്പാക്കണം.
- റവന്യൂവകുപ്പും പഞ്ചായത്തും പദ്ധതി നിർദ്ദേഷ്ടാവും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം ഒരുക്കണം.

പ്രതികൂല ഘടകങ്ങളേക്കാൾ അനുകൂലമായവ കൂടുതൽ ആയതിനാൽ, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് പദ്ധതിക്ക് ഏറ്റവും അനുയോജ്യം. പരമ്പരാഗത സ്വത്തുക്കളുടെയും വീടുകളുടെയും നഷ്ടം ഭൗതികമായും മാനസികമായും ബാധിക്കും. എങ്കിലും പ്രതികൂലം വളരെ കുറവാണ്. ഭൂവുടമകൾ ഭൂമി വിട്ടുകൊടുക്കുവാൻ സന്നദ്ധരാണെന്നുള്ളത് വലിയ ഒരു കാര്യമാണ്. ഫലപ്രദമായ മാർഗ്ഗങ്ങളിലൂടെ ദോഷഫലങ്ങൾ കുറയ്ക്കുവാൻ സാധിക്കുമെന്നും സാമൂഹ്യ ആഘാത പഠന സംഘം നിരീക്ഷിക്കുന്നു.

# അദ്ധ്യായം 8

# സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി - അടിസ്ഥാന ഘടന

സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും പൊതുജനഹിത പരിശോധനയുടെയും ഫലമായി പൊതുവായൊരു സാമൂഹ്യ ആഘാത ലഘൂകരണ പദ്ധതി (SIMP) രൂപംകൊണ്ടു. ഈ പദ്ധതിയാണ് സാമൂഹ്യവശങ്ങൾക്കും സംഭവിക്കാവുന്ന ആഘാതങ്ങൾക്കും ലഘൂകരണപദ്ധതികൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. പദ്ധതി നടപ്പിലാക്കുമ്പോൾ ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് RFCTLARR 2013 സെക്ഷൻ 44 (1) പ്രകാരം നിയമിക്കപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്.

**സ്ഥാപന ഘടനയും പ്രധാനവ്യക്തികളും**

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള കേന്ദ്രസർക്കാരിന്റെ 2013 ലെ അവകാശ നിയമം അനുസരിച്ച് സാമൂഹ്യ ആഘാതം ലഘൂകരിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും കേരള സർക്കാർ ശരിയായ സ്ഥാപന ഘടനാരീതി അവിഷ്കരിച്ചിട്ടുണ്ട്.

കേരളസർക്കാരിന്റെ G.O. (Ms) No. 485/2015/ RD) തിയതി 23/9/2015 പ്രസിദ്ധീകരിച്ച ന്യായനഷ്ട പരിഹാര സുതാര്യസ്ഥലം ഏറ്റെടുക്കൽ നയമനുസരിച്ച് ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണവിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സംസ്ഥാനതല ശാക്തീകരണ കമ്മിറ്റിക്ക് രൂപം നൽകി. RFCTLARR 2013 അനുസരിച്ചുള്ള കർത്തവ്യങ്ങൾ നിറ്വ്വഹിക്കേണ്ടത് ഇവരാണ്.

സർക്കാരിന്റെ ഈ നയമനുസരിച്ച് ജില്ലാ കളക്ടർ, പുനരധിവാസവിഭാഗത്തിലെ ഭരണത്തലവൻ, ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥൻ, ധനകാര്യ ഉദ്യോഗസ്ഥൻ, ഭൂമി ആവശ്യപ്പെടുന്നവരെപ്രതി അന്തിമ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുവാൻ അവരുടെ പ്രതിനിധികൾ, പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയാണ് RFCTLARR 2013 അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത്.

ന്യായനഷ്ട പരിഹാര പുനരധിവാസ ക്രമീകരണ (2013) നിയമത്തിലെ 43 (1) പ്രകാരം നിയമിതനാകുന്ന ഭരണാധികാരി (Administrator) സുതാര്യ ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച പുനരധിവാസത്തിന്റെയും പുനഃക്രമീകരണത്തിന്റെയും രൂപരേഖയും പ്രവത്ത്നരീതിയും നിരീക്ഷണവും കാര്യക്ഷമമായി നിറ്വ്വഹിക്കേണ്ടിയിരിക്കുന്നു. കേരള സർക്കാരിന്റെ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടറിനെയാണ് പുനരധിവാസ ക്രമീകരണ കാര്യങ്ങളുടെ ഭരണാധികാരിയായി (Administrator) മേൽപ്പറഞ്ഞ നിയമപ്രകാരം നിയമിച്ചിരിക്കുന്നതും ഉഭയ സമ്മത പ്രകാരമല്ലാതെ ഭൂമിയേറ്റെടുക്കപ്പെട്ടവരുടെ കാര്യങ്ങൾക്കായി നിയോഗിച്ചിരിക്കുന്നതും.

കൂടാതെ, ന്യായനഷ്ട പരിഹാര സുതാര്യ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ പുനഃക്രമീകരണ (2013) നിയമം 44 (1) അനുസരിച്ച് കേരള സർക്കാരിന്റെ G.O. (P) M. No. 590/2015/ RD) തിയതി

11/11/2015 പ്രകാരം, ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പുനരധിവാസ പുനഃക്രമീകരണ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനും ശരിയായ രീതിയിൽ അത് നടപ്പിലാക്കാനും ഭൂമി നഷ്ടപ്പെട്ടവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനും ഡെപ്യൂട്ടി കളക്ടർക്കുപുറമേ, ലാൻറ് കമ്മിഷണറേയും നിയമിച്ചിരിക്കുന്നു.

RFCTLARR 2013സെക്ഷൻ 3 ൽ പറഞ്ഞിരിക്കുന്ന അധികാരമുപയോഗിച്ചും അതേ നിയമത്തിൻെറ കേരള പകർപ്പ് (2015) ൻെറ 3 (1) അനുസരിച്ചും കേരള സർക്കാർ G.O. (P) No. 649/2015/ RD) തിയതി 4/12/2015 മുഖേന പ്രത്യേക തഹസിൽദാർ (ഭൂമി എറ്റെടുക്കൽ) നമ്പർ 2 നെയും കോഴിക്കോട് ജില്ല ഡെപ്യൂട്ടി കളക്ടർ (ഭൂമി എറ്റെടുക്കൽ) നെയും മേൽപറഞ്ഞ (2013) നിയമപ്രകാരം (3) കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ സെക്ഷൻ 12 പ്രകാരം നിർവ്വഹിക്കുവാൻ ജില്ലാതലത്തിൽ നിയമിച്ചിരിക്കുന്നു. ഇവരേയും ഇവരുടെ ഉദ്യാഗസ്ഥരേയും ജോലിക്കാരേയും മേൽപ്പറഞ്ഞനിയമത്തിലെ സെക്ഷൻ 2 ലെ സബ്സെക്ഷൻ (1) അനുസരിച്ച് ഇവരുടെ അധികാര പരിധിയിൽ വരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ചെയ്യുവാൻ അധികാരപ്പെടുത്തിയിരിക്കുന്നു.

ന്യായമായ നഷ്ടപരിഹാരം, അനുയോജ്യമായ പുനരധിവാസ പുനക്രമീകരണ പാക്കേജ്, ലഘൂകരണ പദ്ധതികൾ എന്നിവയിൽ അന്തിമ തീരുമാനം എടുക്കുന്ന ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്. കൂടാതെ, നിർമ്മാണ സമയം മുതൽ അതിൻെറ ശരിയായ നടത്തിപ്പിൻേറയും ഉത്തരവാദിത്വം ജില്ലാതല സമിതിക്കാണ്.

# അദ്ധ്യായം 9
# സാമൂഹ്യ ആഘാത നിയന്ത്രണത്തിന്റെയും ദുരീകരണത്തിന്റെയും ബജറ്റ്

### 9.1 പുനസ്ഥാപനത്തിന്റെയും പുനരധിവാസത്തിന്റെയും ചെലവ്

ഭൂമി ഏറ്റെടുക്കലിനെ പ്രതിപാദിക്കുന്ന 2013 ലെ നിയമനുസരിച്ച് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന കമ്മറ്റിയാണ് ഇത് കണക്കാക്കേണ്ടത്.

### 9.2 വാർഷിക ബജറ്റും പ്രവർത്തനപ്ലാനും

റവന്യു വകുപ്പിലെ ഭൂമി ഏറ്റെടുക്കൽ വകുപ്പാണ് ഇത് തയ്യാറാക്കേണ്ടത്.

### 9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും

ലഭ്യമല്ല.

# അദ്ധ്യായം 10
# സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി
# മേൽനോട്ടവും വിലയിരുത്തലും

**ആമുഖം**

നിരീക്ഷിക്കുക / മേൽനോട്ടം വഹിക്കുക എന്ന ദീർഘകാല പ്രക്രിയ നിർമ്മാണം മുതൽ പദ്ധതിയുടെ ആയുഷ്ക്കാലം മുഴുവനും തുടരണം. ഗുണനിലവാരത്തിൻെറ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ ആഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് നിരന്തരം വിലയിരുത്തുകയാണ് ഇതിൻെറ ലക്ഷ്യം. സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി ആനുകാലികമായും തുടർച്ചയായും നിർണ്ണയിക്കുന്നതും നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യ ആഘാത ലഘൂകരണ നടപടികളോ അതിൻെറ രൂപഘടനയോ യഥാർത്ഥ ആഘാതമോ നിരീക്ഷണത്തിന് വിധേയമാക്കാം. എന്നാൽ മറ്റ് മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് സാമൂഹ്യമോ, സാമ്പത്തികമോ, പരിസ്ഥിതി സംബന്ധമോ ആയ കാര്യങ്ങൾ ഫലപ്രദമായി പഠിക്കുവാൻ ദീർഘമായ സമയം ആവശ്യമാണ്.

RFCTLARR 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽപ്രക്രിയയും അതിൻെറ വിവിധ സാമൂഹ്യ ആഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുവാനും അവ അറിയിക്കുവാനും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും കേരള സംസ്ഥാന സർക്കാർ സംവിധാനങ്ങൾഏർപ്പെടുത്തിയിട്ടുണ്ട്. അവ താഴെപറയുന്നവയാണ്:

**10.1 സംസ്ഥാനതലത്തിലുള്ളസംവിധാനം**

RFCTLARR 2013 സെക്ഷൻ 44 (1) അനുസരിച്ച് കേരള സംസ്ഥാന സക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് G.O. (P) M. 589/2015/ RD) മുഖേന സംസ്ഥാന തല പുനരധിവാസ കമ്മീഷണറായി ഭൂമി നികുതി കമ്മീഷണർ നിയമിതനായി. അദ്ദേഹത്തിൻെറ ഉത്തരവാദിത്തമാണ് സംസ്ഥാനതലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും അതിൻെറ ശരിയായ നടപ്പാക്കലും പുനരധിവാസത്തിനുശേഷം സാമൂഹ്യ കണക്കു പരിശോധനയും.

**10.2 ജില്ലാ തലത്തിലുള്ള സംവിധാനം**

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള 2013 ലെ അവകാശ നിയമം സെക്ഷൻ 43 (1) അനുസരിച്ച് നിയമിതനായ ഭരണാധികാരിക്കാണ് ജില്ലാ തലത്തിൽ ഭൂമി എറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ പദ്ധതികളുടെ രൂപീകരണത്തിൻെറയും നിരീക്ഷണത്തിൻെറയും അത് ശരിയായി നടപ്പിലാക്കുന്നതിൻെറയും പുനരധിവാസത്തിൻെറയും ഉത്തരവാദിത്തം. കേരള സംസ്ഥാന സർക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് നമ്പർ G.O. (P) M. 590/2015/ RD) അനുസരിച്ച് പ്രസ്തുത നിയമപ്രകാരം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനും ഭൂമി ഏറ്റെടുക്കൽ വഴി സ്വമേധയാ അല്ലാതെ സ്ഥലം നഷ്ട്ടപ്പെട്ടവരുടെ കാര്യങ്ങൾക്കായും കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. കൂടാതെ, ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അന്തിമരൂപം കൊടുക്കുവാനും നടപ്പിലാക്കുവാനും മേൽനോട്ടം വഹിക്കുവാനും

ജില്ലാതല നഷ്ടപരിഹാര പുനരധിവാസ സമിതിയെയും സംസ്ഥാനതല ശാക്തീകരണസമിതിയെയും അധികാരപ്പെടുത്തി.

ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ന്യായമായ വിലയും പുനരധിവാസ പദ്ധതികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. നിയമത്തിൻെറ രണ്ടും മൂന്നും വകുപ്പുകളനുസരിച്ച് അർഹിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുന:സ്ഥാപനവും സമിതി ഉറപ്പുവരുത്തണം.

ജില്ലാസമിതിയുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക സംസ്ഥാനസമിതിയുടെ ഉത്തരവാദിത്തമാണ്.

# അദ്ധ്യായം 11
# ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം
# ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ

### 11.1 ആമുഖം

ഉള്ളൂർ പുഴയ്ക്ക് കുറുകെ നിർദ്ദിഷ്ട ഉള്ളൂർക്കടവ് പാലം നിലവിലുള്ള ഗതാഗത ക്ലേശങ്ങൾ പരിഹരിക്കുമെന്നതിനാൽ ഈ പദ്ധതി വളരെ അഭികാമ്യമാണ്. 3 കി.മീ. മാത്രം അകലെയുള്ള സ്വകാര്യ മെഡിക്കൽ കോളേജിൽ എത്തിച്ചേരാനും സഹായകമാകും. ചെറിയ തോണികൾ മാത്രമാണ് ഇപ്പോൾ ആശ്രയം. മാത്രമല്ല, പാലത്തിനുവേണ്ടിയിള്ള മുറവിളി വളരെ പഴക്കമുള്ളതാണ്.

### 11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം

പദ്ധതി മുഖേന പ്രദേശവാസികൾക്ക് ഏതാനും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. റോഡിൻെറ ഇരുവശങ്ങളിലും വീടുകൾ, കടകൾ, കാർഷിക വിഭവങ്ങൾ എന്നിവയുണ്ട്. 30 ഭൂവുടമസ്ഥരുടെ 32 ഭൂമികൾ ബാധിതമാകും. 4 ഭൂമികൾ പൂർണ്ണമായും 28 ഭൂമികൾ ഭാഗികമായും ബാധിതമാകുമെന്നാണ് പദ്ധതി ബാധിതരിൽ നിന്നും ലഭിച്ച വിവരം. 3 വ്യക്തികൾക്ക് / കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം നഷ്ടമാകും. 2 ജല സ്രോതസ്സുകൾ (കിണർ) ബാധിതമാകുന്നു. നഷ്ടങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കണമെന്ന് പദ്ധതി ബാധിതർ ആവശ്യപ്പെട്ടു.

പദ്ധതി 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമായതിനാൽ ന്യായമായ നഷ്ടപരിഹാരത്തെക്കുറിച്ച് പദ്ധതി ബാധിതർ ആകുലപ്പെടേണ്ടതില്ല. എല്ലാ അധികാരികളും ഒരുമയോടെയും ഉത്തരവാദിത്തബോധത്തോടെയും പ്രവർത്തിച്ചാൽ, പദ്ധതി വിജയമായിരിക്കും. പൊതുതാത്പര്യവും പ്രയോജനവും പരിഗണിച്ച് പദ്ധതി നടപ്പാക്കേണ്ടതുതന്നെയാണ്.

### 11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ

പദ്ധതി ബാധിതർ നൽകിയ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1) ഏക ഭൂമിയും ഉപജീവന മാർഗ്ഗവും നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ നഷ്ടപരിഹാരം നൽകണം.
2) ബദൽ ഉപജീവനത്തിന് സഹായം
3) കമ്പോള നിലവാരമനുസരിച്ച് മൂല്യനിർണ്ണയം
4) ബാക്കിയുള്ള സ്ഥലത്തുള്ള നിർമ്മാണത്തിന് റോഡിൽ നിന്നുള്ള ദൂരപരിധി നിർബന്ധിക്കരുത്.
5) നിർദ്ദേശിച്ചിരിക്കുന്ന റൂട്ട് അഭികാമ്യമല്ലെന്ന് പദ്ധതി ബാധിതരായ 2 പേർ അഭിപ്രായപ്പെടുന്നു.

### 11.4 പരിസമാപ്തിയും ശുപാർശയും

ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകളിൽ ഗതാഗതത്തിന് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഉള്ളൂർക്കടവ് പാലം ഒരു ശാശ്വതമായ പരിഹാരമാകും. 30 ഭൂവുടമകളുടെ 32 ഭൂമികളിൽ സ്ഥിതിചെയ്യുന്ന 1.4443 ഹെക്ടർ ഭൂമിയാണ് ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡിന് ആവശ്യമായിട്ടുള്ളത്. 31 ഭൂവുടമകൾ ഭൂമി വിട്ടുകൊടുക്കുവാൻ സന്നദ്ധത

പ്രകടിപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ 4 ഭൂമികളെ പൂർണ്ണമായും 28 ഭൂമികളെ ഭാഗികമായും ബാധിക്കും. 118 ആളുകൾ (55 പുരുഷന്മാർ, 63 സ്ത്രീകൾ) പദ്ധതി പ്രദേശത്ത് താമസിക്കുന്നു. പദ്ധതി പൊതു താത്പര്യാർത്ഥമാണ്. കുടുതൽ സ്വീകാര്യമായ ബദൽ നിർദ്ദേശങ്ങൾ ഇല്ല. 2013ലെ നിയമമനുസരിച്ച് പദ്ധതി ബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായിക്കും.

ഉള്ളൂർക്കടവ് പാലത്തിൻെറ പ്രയോജനങ്ങൾ പരിശോധിക്കുമ്പോൾ ഇത് നടപ്പാക്കേണ്ടതാണെന്ന് ബോധ്യപ്പെടും. പദ്ധതിയ്ക്കുവേണ്ടി തങ്ങളുടെ ഏക ഭൂമിപോലും നഷ്ടപ്പെടുന്നവരുണ്ട്. നഷ്ടമാകുന്നത് സ്ഥലം / വീട്/ കട / ഉപജീവന മാർഗ്ഗം / മതിൽ / കവാടം / ശൗചാലയം / വീടിൻെറയോ കടയുടെയോ മുൻ വശം / കിണർ എന്നിവയാണ്. നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് ലഭിക്കത്തക്ക വിധത്തിലാണ് ഈ സാമൂഹ്യ ആഘാത പഠനം ചെയ്തിരിക്കുന്നത്. ആഘാതം ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. നഷ്ടങ്ങൾ പരിഹരിക്കുവാൻ നിയമത്തിലെ വ്യവസ്ഥകൾ മതിയാകും.

## അനുബന്ധം 1: സർക്കാർ ഉത്തരവുകൾ

File No.DCKKD/6055/2018-B2

### ജില്ലാകലക്ടറുടെ 29/11/2019 തീയതിയിലെ നടപടിക്രമം
(ഹാജർ സീറാം സാംബശിവറാവു, ഐ എ എസ്)

വിഷയം - എൽ.എ - ഉള്ളൂർക്കടവ് പാലം നിർമ്മാണം - സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ ആഘാത പഠന ഏജൻസിയെ നിയമിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന-1. ജില്ലാ കലക്ടറുടെ 14.03.2017 ലെ ബി3. 58911/16 നമ്പർ നടപടിക്രമം.

2. ജില്ലാകലക്ടറുടെ 16/09/2019 ലെ DCKKD/4717/2017- B3 നമ്പർ നടപടിക്രമം.

......................

കോഴിക്കോട് ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി സൂചനാ നടപടിക്രമ പ്രകാരം ഒരു പാനൽ രൂപീകരിച്ചിട്ടുള്ളതാണ്. ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലേക്കായി മേൽ പാനലിൽ നിന്നും ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ്, കണ്ണൂർ എന്നിവരെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് 01.01.2014 മുതൽ നിലവിൽ വന്ന ആക്ടിന് കീഴിലും ചട്ടത്തിൻ കീഴിലും ആവശ്യപ്പെടുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് 8 ആഴ്ചയ്ക്കുള്ളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാകലക്ടർ


✓Director, SIA & Head, Department of Social Work, Don Bosco Arts and Science College, Angadikadavu ,Iritty, Kannur

പകർപ്പ്
1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കൊയിലാണ്ടി
2. എക്സിക്യൂട്ടീവ് എഞ്ചിനിയർ(PWD), ബ്രിഡ്ജ്സ് ഡിവിഷൻ, കോഴിക്കോട്.

Signature valid

Digitally signed by SEERAM SAMBASIVA RAO
Date: 2019.11.29 1?:34:52 IST
Reason: Approved


CONSTRUCTION OF ULLOOR KADAVU BRIDGE
ULLIYERI SIDE
RCC BUILDING
WELL
PUMP HOUSE
Executive Engineer
PWD Bridges Division,
Kozhikode
Assistant Executive Engineer
PWD Bridges Sub Division
Kozhikode


CONSTRUCTION OF ULLOOR KADAVU BRIDGE
KOYLANDY SIDE
TILED FACTORY BUILDING
RCC SHOP
TILED HOUSE
CHENGOTUKAVU PANCHAYATH
TILEHOUSE
Executive Engineer
PWD Bridges Division
Kozhikode

# അനുബന്ധം 2: വിവര ശേഖരണത്തിനുള്ള ചോദ്യാവലി

**സാമൂഹ്യ ആഘാത പഠനം: ഉള്ളൂർക്കടവ് പാലം പ്രോജക്ട്**
**ചെങ്ങോട്ടുകാവ് - ഉള്ളിയേരി വില്ലേജുകളിൽ, കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല**
**ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706**
DCKKD/6055/2018-B2
**വ്യക്തിഗത വിവര ശേഖരണത്തിനുള്ള ഫോറം: ഡിസംബർ 2019**

1.**പൊതുവായ വിവരങ്ങൾ**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | | | | | വാർഡ് നമ്പർ: | | വില്ലേജ് | |
| **വിവരദാതാവിൻെറ പേര്** | | | | | **വിവരദാതാവിൻെറ** മൊബൈൽ നമ്പർ: | | | |
| **ആഘാതബാധിതനായ വ്യക്തിയുടെ പേര്** | | | | | | മൊബൈൽ നമ്പർ: | | |
| റേഷൻ കാർഡിൻെറ തരം | | | 1.ബി.പി.എൽ. | | 2.എ.പി.എൽ: | 3.കാർഡ് ഇല്ല: | | |
| **മതം:** | ഹിന്ദു | മുസ്ലീം | ക്രിസ്ത്യാനി | **സാമൂഹ്യവിഭാഗം** | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റു പിന്നോക്കവിഭാഗം | പൊതുവിഭാഗം |
| ബന്ധപ്പെടാനുള്ള ഫോൺ നമ്പർ | | | | | ആധാർ നമ്പർ | | | |
| വിലാസം | | | | | | | | |

2. **കുടുംബ വിവരങ്ങൾ**

| **ക്രമ നമ്പർ** | **പേര്** | **1. ലിംഗം** | **2. പ്രായം** | **3. കുടുംബ നാഥനുമായുള്ള ബന്ധം** | **4. വൈവാഹിക നില** | **5. വിദ്യാഭ്യാസം** |
|---|---|---|---|---|---|---|
| 1 | | | | കുടുംബ നാഥ/ൻ | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |

3 1. നാഥൻ/നാഥ 2. ഭർത്താവ്/ഭാര്യ
3. അവിവാഹിത മകൻ/മകൾ 4. വിവാഹിത മകൻ/മകൾ
5. വിവാഹിത മകൻെറ/മകളുടെ ഭാര്യ/ഭർത്താവ് 6. പേരക്കുട്ടി
7. അച്ഛൻ/അമ്മ 8. സഹോദരൻ/സഹോദരി

4 1. വിവാഹിത/ൻ, 2. അവിവാഹിത/ൻ 3. വിധവ/വിഭാര്യ
4. അപ്രസക്തം

5 1. പഠിച്ചുകൊണ്ടിരിക്കുന്നു 2. പഠനം പൂർത്തിയായി

**2.6 കുടുംബാംഗങ്ങളുടെ ജോലി/വരുമാന മാർഗ്ഗം**

| ക്രമ നമ്പർ | **പേര്** | **2. തൊഴിൽ** | **3. പ്രതിമാസ വരുമാനം** |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |

2: 1. സർക്കാർ ജോലി 2. സ്വകാര്യ ജോലി (a. Managerial/administrative. b. supervisory c. clerical d. assistant/attendant)
3. കൂലി (a) നിർമ്മാണം (b) കാർഷികം (c) ടെക്നിക്കൽ) 4. ഫാക്ടറി 5. കരകൗശല വസ്തുക്കൾ 6. സ്വയം തൊഴിൽ
7. മൃഗാസംരക്ഷണം 8. ഡ്രൈവർ 9. പെൻഷ്യൻ 10. വേറെ എന്തെങ്കിലും

| | | | |
|---|---|---|---|
| 4 | ആകെ പ്രതിമാസ കുടുംബ വരുമാനം | | |
| 5 | ഭൂമി ഏറ്റെടുക്കൽ വരുമാനത്തെ ബാധിക്കുമോ? | 1. ഉവ്വ് | 2. ഇല്ല |

**2.7 ആരോഗ്യ സ്ഥിതി:** തുടർച്ചയായി രോഗങ്ങളുള്ള കുടുംബാംഗങ്ങളുണ്ടെങ്കിൽ, വിശദാംശങ്ങൾ:

| ക്രമ നമ്പർ | 1. രോഗം | 2. തിരിച്ചറിഞ്ഞ വർഷം | 3. നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |

1: 1. ക്യാൻസർ 2. ക്ഷയം 3. മലമ്പനി 4. എയ്ഡ്സ്
5. ശ്വാസകോശ സംബന്ധം 6. പ്രമേഹം 7. വേറെ എന്തെങ്കിലും

3: 1. മരുന്ന് കഴിക്കുന്നു 2. സുഖമായി

1

**3. ഭൂമിയുടെ വിശദാംശങ്ങൾ**

| 1. സർവ്വേ നമ്പർ | 2. വിസ്തീർണ്ണം | 3. കൈവശമായ വിധം | 4. കൈവശമായ വർഷം | 5. ഭൂമിയിനം | 6. ഭൂമിയിൽനിന്നുള്ള പ്രതിവർഷ വരുമാനം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

3. 1 വിലയ്ക്ക് വാങ്ങിയത് 2. പരമ്പരാഗതമായി 3. കടന്നുകയറിയത് – പുറമ്പോക്ക് 4. മറ്റുള്ളവ (വ്യക്തമാക്കുക)

5. 1 പുരയിടം/ കര 2. നിലം

| | |
|---|---|
| 7 | ഭൂമിയ്ക്ക് പട്ടയം: 1) ഉണ്ട് 2) ഇല്ല 3) ഭാഗികം |
| 8 | ഭാഗികമെങ്കിൽ, പട്ടയമില്ലാത്ത ഭൂമിയുടെ വിശദാംശങ്ങൾ: |
| **ഭൂമിയിലുള്ള വസ്തുവിവരങ്ങൾ** | |
| 11 | 1. മരങ്ങൾ (ഇനവും എണ്ണവും)<br>2. ഫല വൃക്ഷങ്ങൾ 3. അടുക്കള തോട്ടം 4. കിണറുകൾ 5. കുളങ്ങൾ<br>6. ജലവിതരണ പൈപ്പ് 7. വൈദ്യുതി 8. ജല ടാങ്ക് 9. ഭൂഗർഭ ഓടകൾ 10. മറ്റുള്ളവ |
| 12 | നിർദ്ദിഷ്ട സ്ഥലത്ത് കൃഷിയുണ്ടെങ്കിൽ, ഇനങ്ങൾ |
| 13 | എത്ര വർഷമായി കൃഷി ചെയ്യുന്നു? |
| 15 | നിർദ്ദിഷ്ട സ്ഥലത്തേക്ക് വഴിയുണ്ടെങ്കിൽ, വഴിയുടെ സ്വഭാവം<br>1. മണ്ണ് 2. ടാർ 3. കോൺക്രീറ്റ് |
| 16 | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഭൂമിയിൽ നടന്ന വ്യവഹാരങ്ങളുടെ വിശദാംശങ്ങൾ: |
| 17 | ഭൂമിയ്ക്ക് എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ, രേഖപ്പെടുത്തുക : 1) ഉണ്ട് 2) ഇല്ല |
| 18 | ഭൂമിയുടെ ഉടമസ്ഥതയെക്കുറിച്ച് എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ? 1) ഉണ്ട് 2) ഇല്ല 3) അറിയില്ല |
| 19 | ഏറ്റെടുക്കൽ ഭൂമിയെ എങ്ങനെ ബാധിക്കുന്നു? 1. പൂർണ്ണമായി ☐ 2. ഭാഗികമായി ☐ |
| 20 | താങ്കൾക്ക് വേറെ എവിടെയെങ്കിലും ഭൂമിയുണ്ടോ? 1) ഉണ്ട് ☐ 2) ഇല്ല ☐ |

**4. കെട്ടിടങ്ങൾക്കുള്ള ആഘാതം** – പദ്ധതി പ്രദേശത്ത് കെട്ടിടങ്ങളുണ്ടെങ്കിൽ വിശദാംശങ്ങൾ:

| 1. ഉടമയുടെ പേര് | 2. കെട്ടിടത്തിന്റെ ഇനം | 3. നിർമ്മിച്ച വർഷം | 4. കെട്ടിടത്തിന്റെ സ്വഭാവം | 5. ഇപ്പോഴത്തെ അവസ്ഥ | 6. വൈദ്യുതി ഉണ്ടോ? 1) ഉണ്ട് 2) ഇല്ല |
|---|---|---|---|---|---|
| | | | | | |
| | | | | | |

4:1. പക്ക 2.കച്ച 3.പണി തീരാത്തത് 4.പണിയെല്ലാം തീർന്നത് 5:1.നല്ല അവസ്ഥ 2.ഭാഗികമായി നല്ലത് 3. കേടായിക്കൊണ്ടിരിക്കുന്നത്

**5. ജല സ്രോതസ്സും ശുചിത്വവും**

| | | |
|---|---|---|
| 1 | ബാധിതമാകുന്ന ജലസ്രോതസ്സുകൾ | 1. പൊതു ടാപ്പ്/കിണർ 2. സ്വന്തം കിണർ 3. പൈപ്പ് ലൈൻ 4. ടാങ്കർ ലോറി<br>5. വേറെ എന്തെങ്കിലും |
| 2 | ബാധിതമാകുന്ന ശുചിത്വ സംവിധാനം | 1. സെപ്റ്റിക് ടാങ്ക് 2. വീടിനോട് ചേർന്നോ അല്ലാതെയോ<br>3. വേറെ എന്തെങ്കിലും |

| **6. പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ** | |
|---|---|
| 1 | **പദ്ധതിമുഖേനയുണ്ടാകാവുന്ന പ്രയോജനങ്ങൾ:**<br>1) കൂടുതൽ യാത്രാസൗകര്യങ്ങൾ 2) കൂടുതൽ ജോലി സാധ്യതകൾ 3) ഭൂമി വിലയിൽ വർദ്ധനവ്<br>4) സാമ്പത്തിക/വ്യാപാര മേഖലകളിലുള്ള വളർച്ച 5) അടിസ്ഥാനസൗകര്യങ്ങളുടെ വികസനം<br>6) വാടക വരുമാനത്തിൽ വർദ്ധനവ് 7) മറ്റുള്ളവ .... |
| 2 | **പദ്ധതി മുഖേനയുണ്ടാകാവുന്ന ദോഷഫലങ്ങൾ:**<br>1) വീടുകളുടെയും കെട്ടിടങ്ങളുടെയും നഷ്ടം 2) കൃഷി ഭൂമിയുടെയും മേച്ചിൽപുറങ്ങളുടെയും നഷ്ടം<br>3) ഉപരിതല/ഭൂഗർഭ ജലസ്രോതസ്സുകളുടെ നഷ്ടം 4) താമസസ്ഥലങ്ങളുടെയും വ്യാപാരസ്ഥലങ്ങളുടെയും വാടക വർദ്ധനവ്<br>5) ജനസാന്ദ്രതയിലുള്ള ആധിക്യം 6) മറ്റ് പ്രദേശവാസികളുടെ വരവുവഴി സ്വകാര്യതയ്ക്കുണ്ടാകുന്ന ക്ഷതം<br>7) ശബ്ദമലിനീകരണം 8) ജല ദൗർലഭ്യത 9) മറ്റുള്ളവ |
| 3 | പദ്ധതി അധികാരികളിൽനിന്നും താങ്കൾ എന്തെങ്കിലും **ആനുകൂല്യം** പ്രതീക്ഷിക്കുന്നെങ്കിൽ, വിവരിക്കുക: |

2

| | |
|---|---|
| 4 | ഭൂമി ഏറ്റെടുക്കൽ **സാമൂഹ്യ ജീവിതത്തെ** ബാധിക്കുമെങ്കിൽ: 1) ഉണ്ട് 2) ഇല്ല വിവരിക്കുക: |
| 5 | ഭൂമി ഏറ്റെടുക്കൽ **സാമ്പത്തിക മേഖലയെ** ബാധിക്കുമെങ്കിൽ: 1) ഉണ്ട് 2) ഇല്ല വിവരിക്കുക: |
| 7 | മുകളിൽ പ്രതിപാദിച്ച വെല്ലുവിളികൾ നേരിടുവാനുള്ള മാർഗ്ഗങ്ങൾ ഏവ?<br>1) പുനരധിവാസത്തിനുള്ള സഹായം 2) മൂല്യത്തിനനുസൃതമായ നഷ്ടപരിഹാരം 3) ജലസംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ<br>4) വൃക്ഷലതാദികളും ജലസ്രോതസ്സുകളും സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ 5) പൂർണ്ണമായി ബാധിക്കുന്നവർക്ക് പുനഃസ്ഥാപനം 6) വേറെ ഏന്തെങ്കിലും : |
| 9 | പദ്ധതിയ്ക്കായി ഭൂമി വിട്ട് കൊടുക്കുവാൻ നിങ്ങൾ തയ്യാറാണോ? 1. അതെ ☐ 2. അല്ല ☐ തയ്യാറല്ലെങ്കിൽ കാരണം: |
| 10 | ഈ പദ്ധതിയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തിന് പകരമായി വേറെ ഏതെങ്കിലും ഉചിതമായ സ്ഥലം നിർദ്ദേശിക്കാനുണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുക?<br>പ്രദേശം പഞ്ചായത്ത് വാർഡ്: സർവ്വേ നമ്പർ: ഉടമസ്ഥർ: |
| 11 | കൂടുതൽ വിവരങ്ങൾ/നിർദ്ദേശങ്ങൾ: |

വിവരദാതാവിന്റെ പേര് | അഭിമുഖം നടത്തിയ ആളുടെ പേര്

ഒപ്പ് | ഒപ്പ്

തിയതി | തിയതി

## അനുബന്ധം 3: പൊതുചർച്ച
## ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് – 23 ജനുവരി 2020

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡ്: ഉള്ളിയേരി, ചെങ്കോട്ട്കാവ് വില്ലേജുകൾ
കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല
സാമൂഹ്യ ആഘാത പഠനം
പൊതുചർച്ച: 23 ജനുവരി 2020

### പങ്കെടുത്തവർ: അധികാരികൾ

| ക്ര. നം. | പേര് + സ്ഥാനം | വില്ലേജ് | ഫോൺ | ഒപ്പ് |
|---|---|---|---|---|
| 1 | SONA-C. ASSISTANT ENGINEER PWD BRIDGES SECTION KOZHIKODE | | 9645082944 | |
| 2 | Sheena K Overseer PWD Bridges section Kozhikode | | 9544266992 | |
| 3 | Muraleedharan K. SI (RA?), Koyilandy | | 9446311419. | |
| 4 | [illegible] President | [illegible] | 9387992313 | |
| 5 | Shaji Cherukkavil President | Ulliyeri | 9496048176 | |
| 6 | PRIYA O. Member | Chengottukave | 9539337090 | |
| 7 | V.K. Sasidharan | Chengottukave | 9446642995 | |
| 8 | K. Dasan | MLA | 9447772192 | |
| 9 | Sebastian KV | SIA Team Leader | 9400854729 | |
| 10 | Thomas KO DIRECTOR SIA | | 9495 903108 | |

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡ്: ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകൾ
കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല
സാമൂഹ്യ ആഘാത പഠനം
പൊതുചർച്ച: 23 ജനുവരി 2020

## പങ്കെടുത്തവർ: ഭൂവുടമകൾ, പൊതുജനം

| ക്ര. സം. | പേര് | വില്ലേജ് | ഫോൺ | ഒപ്പ് |
|---|---|---|---|---|
| 1 | ~~ടി.കെ. കുഞ്ഞിമുഹമ്മദ്~~ | ഉള്ളിയേരി ~~[illegible]~~ | 9846369155 ~~[illegible]~~ | [illegible] |
| 2 | Abdurahiman | Ulleri | 9846542996 | [illegible] |
| 3 | മൈമൂന മടത്തിൽ | ഉള്ളിയേരി | 9846757683 | [illegible] |
| 4 | സൈനബ ചെറിയിൽ | ഉള്ളിയേരി | | [illegible] |
| 5 | [illegible] വെളുത്തേടത്ത് | ഉള്ളിയേരി | 9946866248 | [illegible] |
| 6 | ടി.എം. ശിവദാസൻ | ഉള്ളിയേരി | 9846137448 | [illegible] |
| 7 | രവി MV | ചെങ്ങോട്ടുകാവ് | 9946983277 | [illegible] |
| 8 | സഫിയ ചെറുവത്ത് | ഉള്ളിയേരി | 8943388172 | [illegible] |
| 9 | ഇന്ദു | ചെങ്ങോട്ടുകാവ് | 9495735750 | [illegible] |
| 10 | Rajesh. PK | Ulliyeri | 9446438715 | [illegible] |
| 11 | മൊയ്തീൻകോയ | ഉള്ളിയേരി | 904849.0495 | [illegible] |
| 12 | M.F. Mohammed [illegible] | Cheliya | 9048408494 | [illegible] |

കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല

സാമൂഹ്യ ആഘാത പഠനം

പൊതുചർച്ച: 23 ജനുവരി 2020

പങ്കെടുത്തവർ: ഭൂവുടമകൾ, പൊതുജനം

| ക്ര. നം. | പേര് | വില്ലേജ് | ഫോൺ | ഒപ്പ് |
|---|---|---|---|---|
| 13 | ശിവദാസൻ | ചെങ്ങോട്ട്കാവ് | 9645030537 | |
| 14 | സുഹാസ് ചന്ദ്ര.S | ഉള്ളിയേരി | 9526002512 | |
| 15 | ആലിക്കോയ പി.കെ. | ഉള്ളിയേരി | 9539442427 | |
| 16 | അസീസ്.കെ തൈക്കണ്ടി | ചേലിയ ചെങ്ങോട്ട്കാവ് | 7356263120 | |
| 17 | ബാപ്പുട്ടി | ചേലിയ ചെങ്ങോട്ട്കാവ് | 9946335583 | |
| 18 | അനിൽ.പി | ഉള്ളിയേരി | 9947802164 | |
| 19 | [illegible] | ഉള്ളിയേരി ഒള്ളൂർ | 9496048176 | |
| 20 | ഗോപാലൻ | | 9946085966 | |
| 21 | സജീവൻ | ഒള്ളൂർ | 9562663646 | |
| 22 | V.K അബൂബക്കർ | ചേലിയ | 9446488303 | |
| 23 | Majid. CV. | ചേലിയ | 9645512791 | |
| 24 | മാധവൻ പി.കെ | ചേലിയ | 9446069349 | |

ഉള്ളൂർക്കടവ് പാലം അനുബന്ധ റോഡ്: ഉള്ളിയേരി, ചെങ്ങോട്ട്കാവ് വില്ലേജുകൾ
കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല
സാമൂഹ്യ ആഘാത പഠനം
പൊതുചർച്ച: 23 ജനുവരി 2020

## പങ്കെടുത്തവർ: ഭൂവുടമകൾ, പൊതുജനം

| ക്ര. സം. | പേര് | വില്ലേജ് | ഫോൺ | ഒപ്പ് |
|---|---|---|---|---|
| 25 | MOIDEEN KUTTY | C.K.V | | [signature] |
| 26 | V വസന്ത | ചെങ്ങോട്ട് കാവ് | 9946142290 | [signature] |
| 27 | സാജിദ. | ഉള്ളിയേരി | 9846613420 | [signature] |
| 28 | ഫാത്തിമ | ഉള്ളിയേരി | 8547642478 | [signature] |
| 29 | ബാലൻ കുടവത്ത് | ചെങ്ങോട്ടുകാവ് | 9048269014 | [signature] |
| 30 | ബാലകൃഷ്ണൻ [illegible] | ചെങ്ങോട്ട് കാവ് | 9745188286 | [signature] |
| 31 | ബാബുരാജ് | [illegible] | 9539856875 | [signature] |
| 32 | [illegible] | ചെങ്ങോട്ടുകാവ് | 9946013062 | [signature] |
| 33 | | | | |
| 34 | | | | |
| 35 | | | | |
| 36 | | | | |